# സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി

1(*211) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക കേരളത്തിന് മുതൽക്കൂട്ടാവുന്നതരത്തിൽ സംസ്ഥാനത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും അഭിപ്രായ ആവിഷ്ക്കാര സ്വാതന്ത്ര്യം നിലനിർത്തുന്നതിനുംവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിന്റെ സാംസ്കാരിക പെരുമ നിലനിർത്തി വരുംതലമുറയ്ക്ക് പകർന്നുനൽകുന്നതിന് ലക്ഷ്യമിട്ട് ജില്ലകളിൽ നടപ്പാക്കിവരുന്ന സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചതും എല്ലാ ജില്ലകളിലും നവോത്ഥാന നായകന്മാരുടെ നാമധേയത്തിൽ സ്ഥാപിക്കാൻ തീരുമാനിച്ചതുമായ സാംസ്കാരിക സമുച്ചയങ്ങളിൽ ആദ്യത്തേതായി കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ചു. കാസർഗോഡ് സുബ്രഹ്മണ്യൻ തിരുമുമ്പ് സാംസ്കാരിക സമുച്ചയം ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്. ഏറ്റവും വേഗത്തിൽ ഉദ്ഘാടനം ചെയ്യും.

പാലക്കാട് വി. ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്. ഒരു മാസത്തിനകം അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയും. മറ്റ് നവോത്ഥാന

നായകന്മാരുടെ പേരിലുള്ള സാംസ്കാരിക സമുച്ചയങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

കേരളീയ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഉജ്ജ്വല ചരിത്ര സംഭവമായ വൈക്കം സത്യാഗ്രഹത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം കേരള, തമിഴ്നാട് മുഖ്യമന്ത്രിമാർ ചേർന്ന് 2023 ഏപ്രിൽ 1-ന് വൈക്കത്തുവച്ച് നിർവ്വഹിക്കുകയുണ്ടായി. അതിനെത്തുടർന്ന് 603 ദിവസത്തെ വൈവിധ്യങ്ങളായ പരിപാടികൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ നടന്ന ആലുവ സർവ്വമത സമ്മേളനത്തിന്റെ ശതാബ്ദി ആഘോഷങ്ങൾ വിവിധ ജില്ലകളിൽ വിപുലമായ പരിപാടികളോടെ നടത്തുന്നുണ്ട്. അതിന്റെ സംസ്ഥാനതല ഉദ്ഘാടനം 17-02-2024-ന് ചെമ്പഴന്തിയിൽവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്.

സാംസ്കാരിക കേരളത്തിന് മുതൽക്കൂട്ടാവുന്ന തരത്തിൽ സർക്കാർ താഴെപ്പറയുന്ന പരിപാടികൾ നടത്തിവരുന്നു.

മലയാള ചലച്ചിത്ര വ്യവസായത്തിൽ ലിംഗ സമത്വവും സ്ത്രീശാക്തീകരണത്തിനുമായുള്ള വലിയ കാഴ്ചപ്പാടിന്റെ ഭാഗമായി സ്ത്രീകളുടെ മുന്നേറ്റത്തിനും പദവി മെച്ചപ്പെടുത്തുന്നതിനുമായി വനിതാ സംവിധായകരുടെ ഫീച്ചർ ഫിലിമുകൾക്ക് ധനസഹായം.

സ്ത്രീ സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമിട്ട് സ്ത്രീകൾക്കിടയിൽ സാഹിത്യ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനും സാംസ്കാരിക മേഖലയിലെ വിവിധ ഇടപെടലുകൾക്കുമുള്ള പരിപാടികൾ.

പ്രവാസി മലയാളികളുടെ കുട്ടികൾക്ക് മലയാളികളുടെ സാംസ്കാരിക പാരമ്പര്യം പരിചയപ്പെടുത്തുന്നതിനുള്ള പരിപാടികൾ.

ശ്രീനാരായണ ഗുരുവിന്റെ ദർശനത്തെ പഠിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കായി ശ്രീനാരായണ അന്തർദേശീയ തീർത്ഥാടന പഠനകേന്ദ്രം മുഖേന നടത്തുന്ന പരിപാടികൾ.

പ്രമുഖ സാഹിത്യകാരന്മാരുടെയും എഴുത്തുകാരുടെയും കലാസാംസ്കാരിക വ്യക്തികളുടെയും സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവരുടെ സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് സഹായം നൽകുകയും ചെയ്യുന്ന പദ്ധതികൾ.

യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക സാംസ്കാരിക വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി.

നാടൻ കലകളുടെയും കൈത്തൊഴിലുകളുടെയും സമ്പന്നമായ സാംസ്കാരിക പൈതൃകം നിലനിർത്തുന്നതിനും അത്തരം കലാകാരന്മാരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള റൂറൽ ആർട്ട് ഹബ്ബ് പദ്ധതി.

കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദമായ പാതയോരങ്ങൾ കണ്ടെത്തി സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കുന്ന നാട്ടരങ്ങ് പദ്ധതി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾക്കെതിരെയുള്ള ലിംഗ സമത്വത്തിനായുള്ള ശ്രമം സാംസ്കാരിക സംരംഭം.

(ബി) നിലവിൽ ജില്ലകൾതോറും നവോത്ഥാന നായകന്മാരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ആദ്യ സമുച്ചയമായി കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം 2023 മെയ് 4-ന് ഉദ്ഘാടനം ചെയ്യുന്ന കാര്യം സൂചിപ്പിക്കുകയുണ്ടായി. കാസർഗോഡ്, പാലക്കാട് ജില്ലകളിലെ

സാംസ്കാരിക സമുച്ചയ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ആലപ്പുഴ, കോട്ടയം, കണ്ണൂർ ജില്ലകളിലെ സാംസ്കാരിക സമുച്ചയത്തിനായുള്ള ഭൂമി കൈമാറി കിട്ടിയിട്ടുണ്ട്. അതിന്റെ ഡി.പി.ആർ. തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്ക് കടക്കുന്ന കാര്യം അറിയിക്കുകയാണ്.

(സി) കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിന് 52.95 കോടി രൂപ ചെലവായിട്ടുണ്ട്. പാലക്കാട് വി.ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയത്തിന് 51.80 കോടി രൂപയും കാസർഗോഡ് സുബ്രഹ്മണ്യൻ തിരുമുമ്പ് സമുച്ചയത്തിന് 38.91 കോടി രൂപയും ഇതുവരെ ചെലവായിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണമായും KIIFB-യുടെ ധനസഹായത്തോടെയാണ് നടപ്പാക്കുന്നത്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, അങ്ങയുടെ നേതൃത്വത്തിൽ കേരളത്തിലൊട്ടാകെ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം അതിവേഗം പുരോഗതി പ്രാപിക്കുകയാണ്. അതോടൊപ്പം ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ പ്രവർത്തനംകൂടി കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? നവോത്ഥാന കേന്ദ്രമായ അരുവിപ്പുറം സാംസ്കാരിക നിലയം 2 കോടി രൂപയുടെ പദ്ധതിയാണ്. ആദ്യഘട്ടത്തിൽ ഇതിനായി 50

ലക്ഷം രൂപ അനുവദിക്കുകയും അതിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലുമാണ്. രണ്ടാംഘട്ടം നിർമ്മാണം എപ്പോൾ ആരംഭിക്കാൻ സാധിക്കും?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നവോത്ഥാന നായകരുടെ പേരിൽ എല്ലാ ജില്ലകളിലും നിർമ്മിക്കാനുദ്ദേശിക്കുന്ന സാംസ്കാരിക സമുച്ചയങ്ങൾ - ഇവിടെ സൂചിപ്പിച്ചതുപോലെ ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിലുള്ള നിലയം കൊല്ലത്ത് ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനമാരംഭിച്ചു. അതിന്റെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നുണ്ട്. കാസർഗോഡ് - അതിന്റെ നിർമ്മാണം ഏതാണ്ട് പൂർത്തീകരിച്ചു. അതിന്റെ ഉദ്ഘാടന തീയതി ലഭിച്ചാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുന്നതായിരിക്കും. പാലക്കാട് സാംസ്കാരിക നിലയവും പൂർത്തീകരണ ഘട്ടത്തിലാണ്. ഈ സാംസ്കാരിക സമുച്ചയങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട്, വകുപ്പിന്റെ ജില്ലാതല പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിന് 'ഡിസ്ട്രിക് കൾച്ചറൽ പ്രൊമോഷൻ കൗൺസിൽ' എന്നൊരു പുതിയ ബോഡി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയാണ്. ജില്ലാ കളക്ടർ, സ്ഥലം എം.പി., എം.എൽ.എ., ജില്ലാ പഞ്ചായത്ത്

പ്രസിഡന്റ്, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ, സാംസ്കാരിക വകുപ്പിലെ ഉദ്യോഗസ്ഥർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയാണ് ജില്ലാതലത്തിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തി അദ്ധ്യക്ഷനും സാംസ്കാരിക രംഗത്ത് വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ അംഗങ്ങളായ **<u>ക്യൂറേറ്റർ</u>** കമ്മിറ്റിയും ഇപ്പോൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ട്. നിലവിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനും സ്ഥലം എം.എൽ.എ. അംഗവും ചലച്ചിത്ര അക്കാദമി കൺവീനറുമായ ഒരു താൽക്കാലിക സമിതിയാണ് കൊല്ലത്ത് ഇപ്പോൾ ആ കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്.

രണ്ടാമത്തെ ചോദ്യത്തിനുള്ള മറുപടി, ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം അരുവിപ്പുറത്ത് രണ്ട് കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിരുന്നു. അതിൽ 50 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണം നടന്നുവരികയുമാണ്. ബാക്കി 50 ലക്ഷം രൂപ സാംസ്കാരിക വകുപ്പിന്റെ ഫണ്ടിൽനിന്നും 1 കോടി രൂപ എം.എൽ.എ.

ഫണ്ടിൽനിന്നും അനുവദിച്ചുകൊണ്ട് ആ പദ്ധതി അടുത്ത വർഷത്തോടെ പൂർത്തീകരിക്കുന്നതാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, സ്ത്രീകളുടെ ഉന്നമനത്തിനും തുല്യതയ്ക്കുമായി എന്തെല്ലാം പരിപാടികളാണ് സാംസ്കാരിക വകുപ്പ് നടപ്പാക്കിവരുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് സാംസ്കാരിക വകുപ്പ് നടത്തിയിട്ടുള്ളത്. അതാണ് സമം - സ്ത്രീ സമത്വത്തിനായുള്ള സാംസ്കാരിക മുന്നേറ്റമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഈ വർഷം ജനുവരി മാസം 19, 20 തീയതികളിൽ കൊല്ലത്തെ സാംസ്കാരിക സമുച്ചയത്തിൽവച്ച് സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 40 ചെറുകഥാകൃത്തുകൾക്ക് ത്രിദിന ശിൽപ്പശാല, സമം ചെറുകഥാ ക്യാമ്പ് സംഘടിപ്പിച്ചു. കൂടാതെ സർക്കാർ/സർക്കാരിതര യുവജനസംഘടനകളേയും സർവ്വകലാശാലകളേയും പങ്കാളികളാക്കിക്കൊണ്ട് സ്ത്രീധന നിരോധന ബോധവൽക്കരണ ക്യാമ്പെയ്ൻ സംഘടിപ്പിക്കാനുള്ള നടപടിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനാടിസ്ഥാനത്തിൽ ഷോർട്ട് ഫിലിം മത്സരവും ഫെസ്റ്റിവലും

നടത്താൻ ഉദ്ദേശിക്കുന്നു. അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സമം അടക്കമുള്ള വിവിധ പരിപാടികൾ നടന്നുവരുന്നു. ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ പതിനായിരം വനിതകളെ ഉൾപ്പെടുത്തി ഒരു സാംസ്കാരിക സംഗമം സംഘടിപ്പിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. കേരളത്തിലെ മിക്കവാറും എല്ലാ ജില്ലാ പഞ്ചായത്തുകളുടെയും പ്രോഗ്രാമുകൾ ഇപ്പോൾ ഏറ്റെടുത്തിട്ടുണ്ട്. വളരെ നല്ല രീതിയിൽ വിജയകരമായി അതിന്റെ പ്രവർത്തനം മുന്നോട്ടുപോകുകയാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സാംസ്കാരിക രംഗത്ത് അങ്ങയുടെ നേതൃത്വത്തിൽ നടക്കുന്ന സമം അടക്കമുള്ള സാംസ്കാരി പരിപാടികൾ അഭിനന്ദനാർഹമാണ്. സ്ത്രീകൾ, പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളുകൾ തുടങ്ങിയവർക്ക് സാംസ്കാരിക രംഗത്ത്, പ്രത്യേകിച്ച് സിനിമാ നിർമ്മാണമടക്കമുള്ള കലാ രംഗങ്ങളിൽ മുന്നോട്ടുവരാനുള്ള സഹായം നൽകുമെന്ന് അങ്ങിവിടെ പറയുകയുണ്ടായി. അത് വളരെ നല്ല രീതിയിൽ തുടരണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതോടൊപ്പം എനിക്ക് ചോദിക്കാനുള്ളത്, 2023-2024-ലെ ബജറ്റിൽ മട്ടന്നൂർ നിയോജകമണ്ഡലത്തിൽ മട്ടന്നൂർ ആർട്സ് ആൻഡ് കൾച്ചറൽ

സെന്റർ രൂപീകരിക്കുന്നതിനെക്കുറിച്ച് പറഞ്ഞിരുന്നു. സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ ഇവരുടെയെല്ലാം കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനമാണ് ഈ സെന്റർകൊണ്ട് ഉദ്ദേശിക്കുന്നത്. അതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറായിട്ടുണ്ട്. അങ്ങ് അതിൽ വലിയ ശ്രദ്ധ ചെലുത്തുകയും സ്ഥലം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. എത്രയും പെട്ടെന്ന് ഈ പദ്ധതിക്ക് ഭരണാനുമതി നൽകി പദ്ധതിയുടെ പ്രവർത്തനമാരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബഹുമാനപ്പെട്ട ശൈലജ ടീച്ചർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ബജറ്റിൽ 5 കോടി രൂപ മട്ടന്നൂർ കൾച്ചറൽ സെന്ററിനുവേണ്ടി മാറ്റിവച്ചിരുന്നു. ഞാൻ ആ സ്ഥലം സന്ദർശിച്ചിരുന്നു. പക്ഷേ ആ സ്ഥലത്തിന് ചില പരിമിതികളുണ്ടായിരുന്നു. കുറച്ച് സ്ഥലംകൂടി ലഭിച്ചാൽ മാത്രമേ അത് പൂർണ്ണതയിലെത്തിക്കാൻ കഴിയൂ. സ്ഥലം വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ഇപ്പോൾ അതിനുള്ള ഡി.പി.ആർ. തയ്യാറാക്കി, ടീച്ചറുമായി ചർച്ച ചെയ്ത് ഫൈനലൈസ് ചെയ്തിട്ടുണ്ട്. ധ്രുതഗതിയിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന്

വിധേയമായി അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാകാനും ശാസ്ത്രബോധം, വ്യക്തിത്വ വികസനം തുടങ്ങിയവ പുതുതലമുറ കുട്ടികളിൽ വളർത്താനുമുള്ള പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ; ഒപ്പം മാവേലിക്കരയിൽ മഹാനായ സഖാവ് പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ ആരംഭിക്കുന്ന പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയത്തിൽ ഇത്തരം പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, മാവേലിക്കരയിൽ 5 ഏക്കർ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. പി. കൃഷ്ണപിള്ളയുടെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ഒപ്പം, കലാകാരന്മാർക്ക് അന്തിമഘട്ടത്തിൽ സഹായം ചെയ്യാനും സംരക്ഷിക്കാനുമുള്ള ഒരു കേന്ദ്രം അതിനോടനുബന്ധമായി നിർമ്മിക്കാൻ ഒരേക്കർ സ്ഥലവും ഏറ്റെടുത്തു. അതിനുള്ള പണവും ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. അതും ആരംഭിക്കാൻ പോകുകയാണ്.

അന്ധവിശ്വാസത്തിനും അനാചാരത്തിനുമെതിരെ സ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രബോധവും പൗരബോധവും വളർത്തി വ്യക്തിത്വ വികാസം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഈ ഗവൺമെന്റ് വന്നതിനുശേഷം ആവിഷ്കരിച്ച പദ്ധതിയാണ് 'ബാലകേരളം പദ്ധതി'. ഒരു വർഷം ഒരു ലക്ഷം കുഞ്ഞുങ്ങളുടെ വ്യക്തിത്വ വികസനവുമായി ബന്ധപ്പെട്ട ട്രെയിനിംഗ് പ്രോഗ്രാമാണത്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ഇതിനുവേണ്ടിയുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുകഴിഞ്ഞു. അതിന്റെ വിശദാംശങ്ങൾ വിവരിക്കാം. 4 വയസ്സിനും 18 വയസ്സിനും ഇടയിലുള്ള വിദ്യാർത്ഥികളെയാണ് പരിശീലനത്തിന് തെരഞ്ഞെടുക്കുന്നത്. ആദിവാസി മേഖലയിലെ കുട്ടികൾ, ജുവനൈൽ ഹോമിലെ കുട്ടികൾ, സാമൂഹ്യക്ഷേമ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലെ കുട്ടികൾ അടക്കം സമൂഹത്തിലെ 4 വയസ്സിനും 18 വയസ്സിനുമിടയിലുള്ള എല്ലാ കുട്ടികൾക്കും ശാസ്ത്രബോധവും യുക്തിബോധവും പ്രായോഗിക പരിജ്ഞാനവും നൽകുന്ന മഹത്തായൊരു പദ്ധതിയാണ് 'ബാലകേരളം പദ്ധതി'-യിലൂടെ ആവിഷ്കരിക്കുന്നത്. സിലബസ്, ഹാൻഡ് ബുക്ക് എന്നിവയെല്ലാം തയ്യാറായിക്കഴിഞ്ഞു. ഇതിന്റെ നടത്തിപ്പിനുവേണ്ടി വൈലോപ്പിള്ളി

സംസ്കൃതി ഭവനെ ചുമതലപ്പെടുത്തി കാര്യങ്ങൾ വേഗത്തിൽ മുന്നോട്ട് പോകുകയാണ്.

ശ്രീ. പി. വി. ശ്രീനിജിൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ടി. ഐ. മധുസൂദനൻ: സർ, എല്ലാ മേഖലകളിലും സമഗ്ര ആധിപത്യത്തിന് ശ്രമിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര സർക്കാർ സാസ്കാരിക മേഖലയിലും അവരുടെ താൽപ്പര്യത്തിന് അനുസൃതമായ എഡിറ്റിംഗ് ആരംഭിച്ചിരിക്കുകയാണ്. ഏറ്റവും അവസാനമായി ദേശീയ ചലച്ചിത്ര പുരസ്കാരം, മികച്ച നവാഗത സംവിധായക ചിത്രത്തിനുള്ള ഇന്ദിരാഗാന്ധി പുരസ്കാരം, ദേശീയോദ്ഗ്രഥനത്തിനുള്ള മികച്ച ചലച്ചിത്രത്തിനുള്ള പുരസ്കാരം എന്നിവയിൽനിന്നും വിഖ്യാത നടിയായ നർഗ്ഗീസ് ദത്തിന്റെ പേര് ഒഴിവാക്കാൻ തീരുമാനിച്ച വാർത്തകൾ പുറത്തുവന്നിട്ടുണ്ട്. കോൺഗ്രസ് സ്നേഹിതന്മാർക്ക് അക്കാര്യത്തിൽ വലിയ വേവലാതിയുണ്ടാകാൻ സാധ്യതയില്ല. സിനിമാ മേഖലയിലെ ഇത്തരം എഡിറ്റിംഗിനെ കേരള സർക്കാർ എങ്ങനെയാണ് നോക്കിക്കാണുന്നത്; കേരളത്തിന്റെ സാംസ്കാരിക മൂല്യങ്ങൾ പുതിയ തലമുറയ്ക്ക് പകർന്നുനൽകുന്നതിനുള്ള ഏറ്റവും നല്ല മാധ്യമമാണ് സിനിമകൾ. ഓൺലൈൻ എഡിറ്റിംഗ് സൗകര്യത്തോടെയുള്ള

തിയേറ്റർ സമുച്ചയം പയ്യന്നൂർ മണ്ഡലത്തിലുൾപ്പെടെ പൂർത്തിയായി വരികയാണ്. ഇത് നാടിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; സാംസ്കാരിക വകുപ്പ് സംസ്ഥാനത്തുടനീളം ചലച്ചിത്ര ആസ്വാദന ക്യാമ്പുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ചലച്ചിത്ര രംഗത്ത് വളരെ നല്ല ഇടപെടലാണ് കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച് ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്നത്. ചിത്രാഞ്ജലി സ്റ്റുഡിയോ 150 കോടി രൂപയ്ക്ക് നവീകരിച്ച് ഇന്ത്യയിലെതന്നെ ഏറ്റവും നല്ല ഷൂട്ടിംഗ് കേന്ദ്രമാക്കി മാറ്റാനുള്ള പ്രവർത്തനം ആരംഭിച്ചുവെന്ന സന്തോഷകരമായ കാര്യം സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അതുമാത്രമല്ല, കേന്ദ്ര ഗവൺമെന്റ് ഇത്തരം സമീപനങ്ങൾ സ്വീകരിക്കുമ്പോൾ ഇവിടെ വ്യത്യസ്തമായൊരു കാഴ്ചപ്പാടും ബദൽ സമീപനവും സ്വീകരിക്കുന്നു. പ്രത്യേകിച്ച് സ്ത്രീകൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുകയാണ്. അതിന്റെ ഭാഗമായി KSFDC മുഖേന വനിതകൾ നിർമ്മിക്കുന്ന ഒരു ചിത്രത്തിന് ഒന്നരക്കോടി രൂപ മുടക്കി രണ്ടാളുകൾക്ക് സിനിമ

നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. പ്രസ്തുത സിനിമ ഷൂട്ട് ചെയ്ത് പ്രദർശിപ്പിച്ചുകഴിഞ്ഞു. അതുപോലെത്തന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന രണ്ടാൾക്ക് ഒന്നരക്കോടി രൂപ വീതം മുടക്കി 3 കോടി രൂപയ്ക്ക് രണ്ട് സിനിമ നിർമ്മിക്കുന്നതിനുള്ള നടപടി പൂർത്തിയായിക്കഴിഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം 2021-22 വർഷത്തിൽ വനിതാ വിഭാഗത്തിൽ ശ്രീമതി ശിവരഞ്ജിനി ജെ. സംവിധാനം ചെയ്ത 'വിക്ടോറിയ', ശ്രീമതി ഫർസാന പി. സംവിധാനം ചെയ്ത 'മുംത' എന്നീ ചിത്രങ്ങളും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശ്രീ. മനോജ് കുമാർ സംവിധാനം ചെയ്ത 'പ്രളയശേഷം ഒരു ജലകന്യക', ശ്രീ. സുനീഷ് വടക്കുമ്പാടൻ സംവിധാനം ചെയ്ത 'കാട്ടു' എന്നീ ചിത്രങ്ങളും നമുക്ക് നിർമ്മിക്കാനും അത് കേരളത്തിൽ പ്രദർശിപ്പിക്കാനും കഴിഞ്ഞു. വേനൽക്കാലാവധിക്ക് കേരള ചലച്ചിത്ര അക്കാദമി വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി ചലച്ചിത്ര ആസ്വാദന ക്യാമ്പുകൾ വിവിധ ജില്ലകളിൽ സംഘടിപ്പിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് ചലച്ചിത്ര ആസ്വാദന ക്യാമ്പുകൾ നടത്തിയത്. കൂടാതെ, നല്ല സിനിമകൾ നാട്ടിൻപുറങ്ങളിലേയ്ക്ക് എന്ന ലക്ഷ്യവുമായി ടൂറിംഗ് ടാക്കീസ്

എന്ന പദ്ധതി ചലച്ചിത്ര അക്കാദമി ആവിഷ്കരിച്ചിട്ടുണ്ട്. പ്രധാനമായും ഗോത്രമേഖലകൾ കേന്ദ്രീകരിച്ചാണ് സിനിമകൾ പ്രദർശിപ്പിക്കുന്നത്. പ്രാദേശികതലത്തിൽ കലാ സാംസ്കാരിക കൂട്ടായ്മകൾ, ഫിലിം സൊസൈറ്റികൾ എന്നിവയുടെ സഹകരണത്തോടെയാണ് ചലച്ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ആധുനിക എക്യുപ്മെന്റുകൾ സ്ഥാപിച്ചുകൊണ്ടുള്ള ഒരു ഷൂട്ടിംഗ് സെന്റർകൂടി നിർമ്മിക്കുന്നതിനുള്ള നടപടിയും പൂർത്തീകരണ ഘട്ടത്തിലാണെന്ന് പ്രത്യേകമായി അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, നവോത്ഥാന നായകൻ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ നാമധേയത്തിൽ മലപ്പുറം മണ്ഡലത്തിൽ ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നു. എന്റെ 13-03-2023-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4870-ന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ, 'പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. സമുച്ചയ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾക്ക് ടെക്നിക്കൽ സാംങ്ഷൻ നൽകുന്ന നടപടി പുരോഗമിക്കുന്നു. 5 ഏക്കർ ഭൂമിയിൽ സമുച്ചയം

നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. ആണ് തയ്യാറാക്കിയിരുന്നത്. എന്നാൽ നാലര ഏക്കർ ഭൂമിയാണ് കൈമാറി കിട്ടിയത്. ബാക്കി അരയേക്കർ ഭൂമികൂടി കൈമാറുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട് ' എന്നാണ് പറഞ്ഞിട്ടുള്ളത്. അതുപ്രകാരം റവന്യൂ വകുപ്പിന്റെ അര ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ നാലര ഏക്കർ സ്ഥലത്തുതന്നെ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ നാമധേയത്തിലുള്ള ഈ സമുച്ചയം നിർമ്മിച്ചുകൂടേ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പരിശോധിക്കുന്നതാണ്. കാരണം, ഇപ്പോൾ മൂന്ന് ജില്ലകളിൽ സ്ഥലം ലഭ്യമായി നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. മൂന്ന് ജില്ലകളിൽ 5 ഏക്കർ ഭൂമി വീതം ലഭിച്ച് നിർമ്മാണം ആരംഭിക്കാൻ പോകുന്നു. ബാക്കിയുള്ള ജില്ലകളിൽ നമ്മൾ ഉദ്ദേശിക്കുന്ന തരത്തിൽ 5 ഏക്കർ ഭൂമി വീതം കിട്ടുന്ന മുറയ്ക്കാണ് അംഗീകാരം നൽകുന്നത്. തീർച്ചയായും, മലപ്പുറം ജില്ലയിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പാക്കും. അക്കാര്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായും വകുപ്പുമായും കൂടിയാലോചിച്ച് 5 ഏക്കറിൽ താഴെ ഭൂമിയെടുത്ത് ഇത് ചെയ്യാൻ സാധിക്കുമോ എന്നത് സർക്കാർതലത്തിൽ

പരിശോധിച്ച് തീരുമാനമുണ്ടാക്കും. എന്തായാലും, അടിയന്തരമായി അക്കാര്യം പരിശോധിച്ച് പരിഗണിക്കുന്നതായിരിക്കും.

ശ്രീമതി സി. കെ. ആശ: സർ, മുൻ ഉത്തരത്തിൽ സൂചിപ്പിച്ചതുപോലെ വൈക്കം സത്യാഗ്രഹ ശതാബ്ദിയോടനുബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത ശതാബ്ദി ആഘോഷത്തിൽ ഒരു ശതാബ്ദി സ്മാരകം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. തുറമുഖ-സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തമിഴ്നാട് മുഖ്യമന്ത്രിയും പങ്കെടുത്ത ഒരു ചടങ്ങായിരുന്നു അത്. പതിനായിരക്കണക്കിന് ജനങ്ങളാണ് പ്രസ്തുത ചടങ്ങിൽ പങ്കെടുത്തത്. അവിടെവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുസംബന്ധിച്ച പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത് ഈ വർഷം അതിനുള്ള പണം അനുവദിക്കുമെന്ന കാര്യം ഞാൻ ഇവിടെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, സാമൂഹ്യ പരിഷ്കർത്താവും നവോത്ഥാന നായകനുമായ അയ്യാ വൈകുണ്ഠസ്വാമിക്ക് തലസ്ഥാനത്ത് ഒരു സ്മാരകം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഒരു സബ്മിഷൻ ഇവിടെ അവതരിപ്പിച്ചിട്ടുണ്ടായിരുന്നു. അതിന് അങ്ങ് നൽകിയ മറുപടി, സ്ഥലവും പണലഭ്യതയും അനുസരിച്ച് നിർമ്മിക്കാമെന്നായിരുന്നു. എന്നാൽ, സ്ഥലം നൽകാൻ ചില സംഘടനകൾ മുന്നോട്ടുവന്നിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അവിടെ പ്രസ്തുത സ്മാരകം നിർമ്മിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, മുമ്പ് പറഞ്ഞ കൂട്ടത്തിൽപ്പെടുന്നതാണ് തിരുവനന്തപുരവും. തിരുവനന്തപുരത്ത് സ്ഥലം നോക്കിയെങ്കിലും കിട്ടുന്നില്ല. ബഹുമാനപ്പെട്ട എം.എൽ.എ. സ്ഥലം തരികയാണെങ്കിൽ അക്കാര്യം ഗവൺമെന്റ് പരിശോധിക്കുകയും പരിഗണിക്കുകയും ചെയ്യും.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഒന്നാം പിണറായി സർക്കാർ പ്രഖ്യാപിച്ചിരുന്ന ഒരു പദ്ധതിയായിരുന്നു, കേരളീയ നവോത്ഥാന നായകരിൽ പ്രധാനിയും ആലത്തൂർ സിദ്ധാശ്രമ സ്ഥാപകനുമായിരുന്ന ബ്രഹ്മാനന്ദസ്വാമി ശിവയോഗിയുടെ പേരിലുള്ള സാംസ്കാരിക സമുച്ചയം. ഇപ്പോൾ പല സാങ്കേതികത്വവും പറഞ്ഞ് അത് നിർമ്മിക്കാനുള്ള ഫണ്ട്

അനുവദിച്ചിട്ടില്ല. ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് സ്ഥലം അനുവദിക്കാൻ തയ്യാറാണെന്നുപറഞ്ഞ് കത്ത് നൽകിയിട്ടുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ പ്രഖ്യാപനമായ ആലത്തൂർ സിദ്ധാശ്രമ സ്ഥാപകൻ ബ്രഹ്മാനന്ദസ്വാമി ശിവയോഗിയുടെ പേരിലുള്ള സാംസ്കാരിക സമുച്ചയം അടിയന്തരമായി പണിയാൻ നേതൃത്വം നൽകുമോ?

ശ്രീ. സജി ചെറിയാൻ: സർ, പാലക്കാട് ജില്ലയിൽ വി.ടി. ഭട്ടതിരിപ്പാടിന്റെ നാമധേയത്തിലുള്ള സമുച്ചയമാണ് പ്രഖ്യാപിച്ചത്. അത് പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പ്രത്യേകമായി പരിഗണിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ കേരളഗാനം രൂപപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പ്രശസ്ത ഗാനരചയിതാവ് ശ്രീ. ശ്രീകുമാരൻ തമ്പി അപമാനിതനാകുന്നൊരു സാഹചര്യമുണ്ടായി. അതേത്തുടർന്ന് സാംസ്കാരിക പ്രവർത്തകർ പരസ്പരം ഏറ്റുമുട്ടാനിടയായി. ഇതിന്റെ അടിസ്ഥാന കാരണം എന്താണെന്നാണ് സർക്കാർ മനസ്സിലാക്കിയിട്ടുള്ളത്; ഇത് വകുപ്പിന്റെ വീഴ്ചയാണോ; അക്കാദമിയുടെ വീഴ്ചയാണോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ഏറ്റുമുട്ടലൊന്നും നടന്നിട്ടില്ല. അഭിപ്രായ പ്രകടനം മാത്രമേ നടത്തിയിട്ടുള്ളൂ. അങ്ങ് മനസ്സിലാക്കേണ്ട ഒരു കാര്യം, കേരളത്തിന്റെ സാംസ്കാരിക, സാമൂഹിക തനിമ വ്യക്തമാക്കുന്ന തരത്തിലുള്ളൊരു കേരളഗാനം തെരഞ്ഞെടുക്കുന്നതിനായി 06-07-2018-ലെ നമ്പർ 26/2018 പ്രകാരം സാഹിത്യകാരന്മാർ അടക്കമുള്ളൊരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതി അനുയോജ്യമായ കേരളഗാനം തെരഞ്ഞെടുക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്. ശാശ്വതമായി നിലനിൽക്കുന്നതും കുറ്റമറ്റതുമായ ഒരു പുതിയ കേരളഗാനം കണ്ടെത്തുകയാണ് സമിതിയുടെ ലക്ഷ്യം. സമിതിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇത് പറയുമ്പോൾ, 2014-ലെ ഒരു ഉത്തരവ് ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളഗാനം കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അംഗീകരിച്ചിരുന്നു എന്നുള്ളൊരു വാദം ഇപ്പോഴുണ്ട്. അത് വസ്തുതയ്ക്ക് നിരക്കുന്നതല്ല. അങ്ങനെ കേരളഗാനം യു.ഡി.എഫ്.-ന്റെ കാലത്ത് അംഗീകരിച്ചിരുന്നില്ല. ബോധേശ്വരൻ രചിച്ച 'കേരളഗാനം'

എന്നൊരു കവിത സാംസ്കാരിക വകുപ്പിന്റെ ചടങ്ങുകളിൽ പാടുന്നതിനുള്ള അനുവാദം മാത്രമാണ് നൽകിയത്. ഇതാണ് അതിന്റെ വസ്തുത.

ശ്രീമതി ദെലീമ: സർ, രാത്രി 10 മണിക്കുശേഷം ഗാനമേള നടത്തുന്ന കലാകാരന്മാർക്ക് പ്രോഗ്രാം നടത്തുന്നതിന് സാധിക്കുന്നില്ല. അഥവാ പ്രോഗ്രാം നടത്തണമെങ്കിൽത്തന്നെ സ്പെഷ്യൽ സാംങ്ഷൻ വേണം. അത് കലാകാരന്മാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം പ്രസക്തമാണ്. ഇത് നമ്മുടെ ശ്രദ്ധയിൽ വന്നു. കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് 10 മണിക്കുശേഷം മൈക്ക് ഉപയോഗിക്കാൻ പാടില്ലെന്ന നിലപാട് പോലീസ് സ്വീകരിച്ചിട്ടുള്ളത്. അക്കാര്യം ബന്ധപ്പെട്ട വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോടതിയുമായി ബന്ധപ്പെട്ടും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.P

## മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കും ഉപകരണങ്ങൾക്കും ഇൻഷ്വറൻസ്

2(*212) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. വി. സുമേഷ്:

ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും സമ്പൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് പ്രതിവർഷം സർക്കാരിന് എത്ര രൂപയുടെ ചെലവാണുണ്ടാകുന്നത്; വിശദമാക്കുമോ;

(സി) കഴിഞ്ഞ 5 വർഷം മത്സ്യബന്ധന ഉപകരണങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷപ്രകാരം നൽകിയിട്ടുള്ള ആനുകൂല്യത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2023-24 വർഷം അപകടത്തിൽപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് നൽകിയ ഇൻഷ്വറൻസ് ആനുകൂല്യം ജില്ല തിരിച്ച് എണ്ണം, തുക എന്നിവയുടെ കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) 2018-19 സാമ്പത്തിക വർഷം മുതൽ ഫിഷറീസ് വകുപ്പ് സംസ്ഥാന സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി 'മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി നടപ്പാക്കിവരുന്നു. പദ്ധതി തുടങ്ങിയ 2018-19 സാമ്പത്തിക വർഷത്തിൽ ഹള്ളിന് മാത്രമാണ് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. എന്നാൽ 2019-20 മുതൽ ഹള്ളിനും എഞ്ചിനും ഇൻഷുറൻസ് പരിരക്ഷ നൽകിവരുന്നു. പദ്ധതിപ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. ഇ-ടെണ്ടർ നടപടിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി മുഖേനയാണ് 2022-23 സാമ്പത്തിക വർഷംവരെ പദ്ധതി നടപ്പാക്കിവന്നിരുന്നത്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സും ഉൾപ്പെടുന്നതായിരുന്നു പ്രീമിയം തുകയായി നിശ്ചയിച്ചിരുന്നത്. എന്നാൽ നടപ്പുസാമ്പത്തിക വർഷം ഇൻഷുറൻസ് പദ്ധതി നടത്തിപ്പിനായി യോഗ്യതയുള്ള സ്ഥാപനങ്ങളിൽനിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EoI) ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്-നെ പദ്ധതി

നടത്തിപ്പിനായി തെരഞ്ഞെടുക്കുകയും ചെയ്തു. നിശ്ചിത വിലയുടെ 0.246% ആണ് നിലവിൽ പ്രീമിയം തുകയായി നിശ്ചയിച്ചിരിക്കുന്നത്.

2018-19 സാമ്പത്തിക വർഷം മുതൽ 2022-23 വരെ 12 കോടി രൂപ ചെലവിൽ ആകെ 7932 യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിപ്രകാരം പരമാവധി യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് പ്രതിവർഷം സർക്കാരിന് ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-1[+] ആയി ചേർക്കുന്നു.

(സി) കഴിഞ്ഞ അഞ്ച് വർഷം മത്സ്യബന്ധന ഉപകരണങ്ങളുടെ ഇൻഷുറൻസ് പരിരക്ഷപ്രകാരം നൽകിയിട്ടുള്ള ആനുകൂല്യത്തിന്റെ വിവരങ്ങൾ അനുബന്ധം-2[+] ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) 2023-24 വർഷം അപകടത്തിൽപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയും മത്സ്യഫെഡ് മുഖേനയും നൽകിയ ഇൻഷ്വറൻസ് ആനുകൂല്യം ജില്ലതിരിച്ച് എണ്ണം, തുക എന്നിവ അനുബന്ധം-3+ ആയി ചേർക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, ഫിഷറീസ് വകുപ്പിന്റെ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതിപ്രകാരം നടപ്പുവർഷം എത്ര യാനങ്ങൾ ഇൻഷ്വർ ചെയ്തു?

ശ്രീ. സജി ചെറിയാൻ: സർ, യാനത്തിന്റെ വലുപ്പവും എഞ്ചിന്റെ കുതിരശക്തിയും കണക്കിലെടുത്ത് വിവിധ തരങ്ങളായി തിരിച്ചിട്ടുണ്ട്. ഓരോ തരത്തിൽപ്പെട്ട യാനങ്ങൾക്കും വ്യത്യസ്ത പ്രീമിയം തുകയാണ്. പ്രീമിയം തുകയുടെ 10% മാത്രമാണ് മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കേണ്ടത്. 90% തുകയും സർക്കാരാണ് വഹിക്കുന്നത്. നിശ്ചയിച്ച പ്രീമിയം തുക ഇപ്രകാരമാണ്:

10 മീറ്ററിൽ താഴെ നീളമുള്ളതും എഞ്ചിൻ കപ്പാസിറ്റി 10 HP-യ്ക്ക് താഴെയുള്ളതും - പ്രീമിയം തുക 861, മത്സ്യത്തൊഴിലാളി വിഹിതം 86.

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10 മീറ്ററിൽ താഴെ നീളമുള്ളതും എഞ്ചിൻ കപ്പാസിറ്റി 10 HP-യ്ക്ക് മുകളിലുള്ളതും - പ്രീമിയം തുക 984, മത്സ്യത്തൊഴിലാളി വിഹിതം 98.

10 മീറ്ററിനും 15 മീറ്ററിനും ഇടയിൽ നീളമുള്ളതും എഞ്ചിൻ കപ്പാസിറ്റി 40 Hp വരെയുമുള്ളത് - പ്രീമിയം തുക 1476, മത്സ്യത്തൊഴിലാളി വിഹിതം 148.

10 മീറ്ററിനും 15 മീറ്ററിനും ഇടയിൽ നീളമുള്ളതും എഞ്ചിൻ കപ്പാസിറ്റി 40 HP-യ്ക്ക് മുകളിലുള്ളതും - പ്രീമിയം തുക 1965, മത്സ്യത്തൊഴിലാളി വിഹിതം 197.

എഞ്ചിനോടുകൂടിയതും 15 മീറ്ററിനും 20 മീറ്ററിനും ഇടയിലുള്ള യാനങ്ങൾ - പ്രീമിയം തുക 5115, മത്സ്യത്തൊഴിലാളി വിഹിതം 512.

എഞ്ചിനോടുകൂടിയതും 70 മീറ്ററിന് മുകളിലുള്ളതുമായ യാനങ്ങൾ - പ്രീമിയം തുക 10230, മത്സ്യത്തൊഴിലാളി വിഹിതം 1023.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, ഒരു പരമ്പരാഗത മത്സ്യത്തൊഴിലാളിക്ക് യാനം ഇൻഷ്വർ ചെയ്യുന്നതിന് ചെലവാകുന്ന തുകയെത്രയാണ്?

ശ്രീ. സജി ചെറിയാൻ: സർ, ആ കണക്കാണ് ഇപ്പോൾ ഇവിടെ വായിച്ചത്. യാനങ്ങളെ അവയുടെ കപ്പാസിറ്റിയും നീളവും അനുസരിച്ച് ആറ് തരത്തിലാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത്. ഇപ്പോൾ കേരളത്തിൽ 1241 യാനങ്ങളാണ് ഇൻഷ്വർ ചെയ്തിട്ടുള്ളത്.

ശ്രീ. പി. നന്ദകുമാർ: സർ, കേരളത്തിലെ തീരദേശ മേഖലയ്ക്കും വിശിഷ്യാ മത്സ്യത്തൊഴിലാളികൾക്കും ഈ സർക്കാർ ചെയ്തുകൊടുക്കുന്ന എല്ലാവിധ പ്രവർത്തനങ്ങളെയും ഞാൻ അഭിനന്ദിക്കുകയാണ്. മത്സ്യബന്ധനത്തിനിടയിൽ അപകട മരണം സംഭവിച്ചാൽ പ്രസ്തുത മത്സ്യത്തൊഴിലാളിയുടെ കുടുംബത്തിന് നിലവിൽ ലഭിക്കുന്ന ഇൻഷ്വറൻസ് തുക എത്രയാണ്?

ശ്രീ. സജി ചെറിയാൻ: സർ, ഫിഷറീസ് വകുപ്പ് മത്സ്യഫെഡ് വഴിയും ക്ഷേമനിധി ബോർഡ് വഴിയുമായി രണ്ട് തരത്തിലാണ് ഇൻഷ്വറൻസ് നൽകുന്നത്. ക്ഷേമനിധി ബോർഡ് വഴി നടത്തുന്ന ഇൻഷ്വറൻസിൽ ഒരു പൈസയും മത്സ്യത്തൊഴിലാളി കൊടുക്കേണ്ടതില്ല. തൊഴിലാളിക്ക് അപകട മരണം സംഭവിച്ചാൽ അതുവഴി 10 ലക്ഷം രൂപ കിട്ടും. എന്നാൽ മത്സ്യഫെഡിന്റെ ഇൻഷ്വറൻസ് ഏതാണ്ട് 500 രൂപമാത്രമാണ്. അതിന് 10

ലക്ഷം രൂപ ലഭിക്കുന്നതാണ്. ഒരു മത്സ്യത്തൊഴിലാളി കൃത്യമായി രണ്ട് ഇൻഷുറൻസ് എടുത്താൽ 20 ലക്ഷം രൂപ കൊടുക്കുന്ന തരത്തിലുള്ള സ്കീമാണ് കേരളത്തിൽ നടപ്പാക്കുന്നത്.

ശ്രീ. കെ. വി. സുമേഷ്: സർ, മത്സ്യബന്ധന യാനങ്ങൾക്ക് ഭാഗികമായുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാണോ; അതിന് പ്രത്യേകമായി എന്തെങ്കിലും മാനദണ്ഡങ്ങളുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഭാഗിക നാശനഷ്ടങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാണ്. വള്ളത്തിനും എഞ്ചിനും ഒരുമിച്ച് ഭാഗിക നാശനഷ്ടമുണ്ടായാൽ മാത്രമേ എഞ്ചിനുകൾക്ക് ഇൻഷുറൻസ് തുക ലഭിക്കുകയുള്ളൂ.

ശ്രീ. കെ. ജെ. മാക്സി: സർ, ഇൻഷുറൻസ് പരിരക്ഷയുള്ള മത്സ്യബന്ധന യാനങ്ങൾ അപകടത്തിൽപ്പെട്ടാൽ ഇൻഷുറൻസ് ക്ലെയിം ലഭ്യമാകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത്?

ശ്രീ. സജി ചെറിയാൻ: സർ, അപകടം നടന്ന ഉടൻതന്നെ നഷ്ടമുൾപ്പെടെയുള്ള അപകടത്തെ സംബന്ധിച്ച റിപ്പോർട്ട് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ കഴിയുന്നത്രയും വേഗം ഇൻഷുറൻസ് കമ്പനിക്ക് ഇ-മെയിൽ

മുഖേന നൽകണം. അത് ലഭിച്ചാൽ ഉടൻ ഇൻഷ്വറൻസ് കമ്പനി ചുമതലപ്പെടുത്തുന്ന സർവ്വേയർ അപകടത്തിൽപ്പെട്ട യാനം പരിശോധിച്ച് നഷ്ടം കണക്കാക്കുന്നതും റിപ്പോർട്ട് ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നതുമാണ്. സർവ്വേയർ പരിശോധിച്ച് റിപ്പോർട്ട് നൽകിയതിനുശേഷം മാത്രമേ യാനം റിപ്പയർ ചെയ്യാൻ പാടുള്ളൂ. യാനത്തിന്റെ രജിസ്ട്രേഷൻ, ലൈസൻസ്, ക്ലെയിം ഫോം എന്നിവ കമ്പനിക്ക് ലഭിച്ചാൽ ഉടൻതന്നെ അർഹതപ്പെട്ട നഷ്ടപരിഹാരം അനുവദിച്ചുനൽകുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, നിലവിൽ മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കും ഉപകരണങ്ങൾക്കും ഫിഷറീസ് വകുപ്പ് മുഖാന്തരം ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ടെങ്കിലും ഈ പരിരക്ഷ അവരുടെ ഏറ്റവും പ്രധാനപ്പെട്ട ഉപകരണമായ വലയ്ക്ക് ലഭിക്കുന്നില്ലെന്നതാണ് അവർ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. കടൽ മാക്രി ആക്രമണംമൂലം നിരവധി യാനങ്ങളുടെ വല നഷ്ടപ്പെടുന്ന സാഹചര്യം തുടർന്നുകൊണ്ടേയിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ആലപ്പാട് പഞ്ചായത്തിലെ നിരവധി മത്സ്യത്തൊഴിലാളികളുടെ പരാതികൾ ഞാൻ ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

മാത്രമല്ല, ചില സന്ദർഭങ്ങളിൽ വല ചെളിയിൽ പുതഞ്ഞ് വല ഉപേക്ഷിക്കേണ്ട അവസ്ഥയും പാറയിൽ കുടുങ്ങി അറുത്തുമാറ്റേണ്ട അവസ്ഥയുമുണ്ടാകുന്നുണ്ട്. ആകയാൽ വലയെക്കൂടി ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇവിടെ രണ്ട് കാര്യങ്ങളാണ് പ്രശ്നമായിട്ടുള്ളത്. അതിൽ ഒന്ന്, കടലിൽപ്പോയി ഹാർട്ട് അറ്റാക്ക് വന്ന് മരിച്ചാൽ പണം കിട്ടില്ല. രണ്ടാമത്തേത് വല നഷ്ടപ്പെട്ടാൽ പണം കിട്ടില്ല. ഇക്കാര്യത്തെക്കുറിച്ച് ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച ചെയ്തു. ഈ വർഷം ഇൻഷ്വറൻസ് കമ്പനികൾക്ക് ടെണ്ടർ കൊടുക്കുമ്പോൾ ഇക്കാര്യം കൂടി ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ടെണ്ടർ ക്ഷണിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇത്രയും കാലമായിട്ടും അവർ ഇക്കാര്യം അംഗീകരിച്ചിട്ടില്ലെന്നതാണ് വസ്തുത. അംഗം പറഞ്ഞത് പരിഗണിച്ച് ഇൻഷ്വറൻസ് കമ്പനികളുമായി വീണ്ടും ചർച്ച നടത്താം.

ശ്രീ. വി. ജോയി: സർ, ഇൻഷ്വറൻസ് പരിരക്ഷയെ സംബന്ധിച്ച് അങ്ങ് ഇവിടെ സൂചിപ്പിച്ചു. മത്സ്യബന്ധന യാനങ്ങൾ തുറമുഖങ്ങളിൽനിന്നും അല്ലാതെയുള്ള സ്ഥലങ്ങളിൽനിന്നും മത്സ്യബന്ധനത്തിന് പോകുന്നുണ്ട്. ഒരു

യാനത്തിൽ എത്രപേർ പോകുന്നുവെന്നതിനെ സംബന്ധിച്ച കൃത്യമായ കണക്ക് പലപ്പോഴും നമുക്ക് ലഭിക്കാറില്ല. യാനങ്ങൾ അപകടത്തിൽപ്പെടുമ്പോഴാണ് അതിൽ എത്ര പേരുണ്ടായിരുന്നുവെന്ന് മനസ്സിലാക്കുന്നത്. ഇതുസംബന്ധിച്ച് ഫിഷറീസ് വകുപ്പിൽ കൃത്യമായ വിവരം സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, പ്രസ്തുത വിഷയത്തിന്മേൽ നിയമനിർമ്മാണത്തിനുള്ള ചട്ടം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് തയ്യാറാക്കിയാൽ മാത്രമേ ഇക്കാര്യം കർശനമാക്കാൻ സാധിക്കുകയുള്ളൂ. പക്ഷേ, നമ്മുടെ ഹാർബറുകളിൽനിന്നും ഫിഷ് ലാന്റിംഗ് സെന്ററുകളിൽനിന്നും മത്സ്യബന്ധനത്തിന് പോകുന്നതുകൂടാതെ 600 കി.മീ. ദൈർഘ്യത്തിൽ ഇടയ്ക്കിടയ്ക്കുള്ള സ്ഥലങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകും. ഇങ്ങനെ പോകുന്നവരെ നമുക്ക് ഐഡന്റിഫൈ ചെയ്യാൻ സാധിക്കുന്നില്ല. മത്സ്യബന്ധനത്തിന് പോകുന്നവരെ ഐഡന്റിഫൈ ചെയ്യാൻ ഇപ്പോൾ നാം ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം അനുസരിച്ചില്ലെങ്കിൽ ബോട്ടുടമയുടെ പേരിലടക്കം നടപടി സ്വീകരിക്കുമെന്ന തരത്തിലുള്ള ഇടപെടൽ

നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണവും അനിവാര്യമാണ്. കാരണം പരമ്പരാഗതമായി ചെയ്തുകൊണ്ടിരിക്കുന്ന രീതിയിൽനിന്ന് മാറാൻ അവർക്ക് ബുദ്ധിമുട്ടുണ്ട്. ഇക്കാര്യം ഗവൺമെന്റ് പ്രത്യേകമായി പരിഗണിക്കുന്നതാണ്.

ശ്രീമതി കെ. കെ. രമ: സർ, വടകര മുനിസിപ്പാലിറ്റിയിലെ തീരത്തുനിന്നും കടലിൽ മത്സ്യബന്ധനത്തിന് പോയി അപകടത്തിൽപ്പെട്ട് മരണപ്പെട്ട കൊയിലാണ്ടി വളപ്പിലെ ഫൈജാസ് എന്ന ചെറുപ്പക്കാരൻ ഒരു കുടുംബത്തിന്റെ ഏക ആശ്രയമായിരുന്നു. അദ്ദേഹത്തിന്റെ ബാപ്പ സാമ്പത്തിക സഹായത്തിനായി അപേക്ഷ നൽകിയിട്ട് ഒരു വർഷം കഴിഞ്ഞു, ഇതുവരെയും പരിഗണിക്കപ്പെട്ടിട്ടില്ല. ജീവൻ പണയംവച്ച് മത്സ്യബന്ധനത്തിന് കടലിൽ പോകുന്ന ഈ മത്സ്യത്തൊഴിലാളികൾക്ക് ഉപാധികളില്ലാതെ ധനസഹായം ചെയ്യാൻ സർക്കാർ തയ്യാറാകുമോ; ഫൈജാസിന്റെ കുടുംബത്തിന് അടിയന്തര ധനസഹായം ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിലെത്തിയപ്പോൾ ഇൻഷുറൻസ് കൊടുത്തതുമായി ബന്ധപ്പെട്ട,

മരണപ്പെട്ട ആളുകളുടെ കണക്ക് എടുത്തിരുന്നു. അതുപ്രകാരം കേരളത്തിൽ 151 ആളുകൾ മരിച്ചതിന് പണം കൊടുക്കാൻ കഴിയാതെപോയി. അതിനുവേണ്ടി ഞാനും അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. ആന്റണി രാജുവും പങ്കെടുത്തുകൊണ്ട് തിരുവനന്തപുരത്തും കോഴിക്കോട്ടുമായി രണ്ട് അദാലത്തുകൾ നടത്തി. ഇവിടെ ഞാൻ അഭിമാനത്തോടെ പറയുന്നു, കേരള ചരിത്രത്തിലാദ്യമായി ഇതിൽ 131 പേർക്ക് 10 ലക്ഷം രൂപ വീതം വാങ്ങിക്കൊടുത്തു. രണ്ടാമത്തെ കാര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പ്രഖ്യാപിച്ച് നടപ്പാക്കിയ ഒരു കാര്യമുണ്ട്. കരുനാഗപ്പള്ളിയിൽ അപകടത്തിൽപ്പെട്ട് മരിച്ചവർക്ക് ഇൻഷ്വറൻസ് ഇല്ലായിരുന്നു. ഇൻഷ്വറൻസ് എടുക്കാതിരുന്നിട്ട് അപകടത്തിൽപ്പെടുമ്പോൾ പണം വേണമെന്ന് ആവശ്യപ്പെട്ടാൽ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 5 ലക്ഷം രൂപവരെ കൊടുക്കാനുള്ള പ്രഖ്യാപനം നടത്തുകയും കരുനാഗപ്പള്ളിയിൽ മരിച്ചവർക്ക് 5 ലക്ഷം രൂപ കൊടുക്കുകയും ചെയ്തു. അങ്ങ് ഉന്നയിച്ച കേസ് പ്രത്യേക കേസായി എഴുതിത്തന്നാൽ അത് പരിഗണിച്ചതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ കേന്ദ്രഗവൺമെന്റ് തുടർച്ചയായി വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. വിലയും അമിതമായി കൂടിക്കൊണ്ടിരിക്കുകയാണ്. മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ മണ്ണെണ്ണ ഒഴിവാക്കി ബദൽ സംവിധാനങ്ങളെന്ന നിലയിലുള്ള ചില പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന നിലയിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ പ്രശ്നം വളരെ ഗൗരവത്തോടെയാണ് ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നത്. 25 രൂപ സബ്സിഡി കൊടുത്തിട്ടും നമുക്കാവശ്യമുള്ള മണ്ണെണ്ണ കേന്ദ്രഗവൺമെന്റ് തരുന്നില്ല. അടുത്ത വർഷം മുതൽ മണ്ണെണ്ണ തരില്ലെന്നാണ് കേന്ദ്രഗവൺമെന്റ് സിവിൽ സപ്ലൈസ് മന്ത്രിക്ക് പ്രത്യേക അറിയിപ്പ് നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി എൽ.പി.ജി., ഡീസൽ, പെട്രോൾ എന്നിവയിലേയ്ക്ക് എഞ്ചിനുകൾ മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു. കേരളത്തിൽ നാലോഅഞ്ചോ കേന്ദ്രങ്ങളിൽ ഇതിന്റെ പരീക്ഷണം നടത്തി. എൽ.പി.ജി. വലിയ

വിജയമായി. പെട്രോളും ഡീസലും വിജയമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ വർഷം 10 കോടി രൂപ ഇതിനുവേണ്ടി അനുവദിച്ചുവെന്ന സന്തോഷകരമായ കാര്യവും ഇവിടെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. രണ്ടോമൂന്നോ വർഷംകൊണ്ട് കേരളത്തിൽ ഈ പ്രക്രിയ പൂർത്തീകരിക്കാൻ കഴിയുമെന്ന കാര്യമാണ് പറയാനുള്ളത്.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തുന്ന പ്രവർത്തനങ്ങൾ**

3 (*213) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും സദയം മറുപടി നൽകുമോ:

(എ) രാഷ്ട്ര പുനർനിർമ്മാണത്തിന്റെ ഭാഗമായി ജനാധിപത്യ മൂല്യങ്ങളോട് കൂറ് പുലർത്തുന്ന യുവതലമുറയെ വാർത്തെടുക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഭരണഘടനയും പാർലമെന്ററി ജനാധിപത്യവും വെല്ലുവിളിക്കപ്പെടുന്ന കാലത്ത് സാമൂഹിക, രാഷ്ട്രീയ, അക്കാദമിക വിദഗ്ദ്ധരെയും സാധാരണ ജനവിഭാഗത്തെയും കൂട്ടിച്ചേർക്കുന്ന കണ്ണിയായി മാറുവാൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പൗരബോധവും ജനാധിപത്യ മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിനും ആരോഗ്യകരമായ ജനാധിപത്യ സംവിധാനം രൂപപ്പെടുത്തുന്നതിനും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) ജനപ്രതിനിധികൾക്കായി പ്രത്യേക പാർലമെന്ററി പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) രാഷ്ട്രപുനർനിർമ്മാണത്തിന്റെ ഭാഗമായി ജനാധിപത്യ മൂല്യങ്ങളോട് കൂറ് പുലർത്തുന്ന യുവതലമുറയെ വാർത്തെടുക്കുന്നതിനും, പൗരബോധവും, ജനാധിപത്യ മൂല്യങ്ങളും വിദ്യാർത്ഥികളിൽ

വളർത്തുന്നതിനും, സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഇന്ത്യൻ ഭരണഘടനയെയും പാർലമെന്ററി ജനാധിപത്യ സംവിധാനത്തെയും കുറിച്ച് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ് (FDSJ) അഥവാ ജനാധിപത്യത്തിനും സാമൂഹ്യനീതിക്കുമായുള്ള വേദി രൂപീകരിച്ച് വിവിധ പരിപാടികൾ നടപ്പാക്കി വരുന്നു.

സ്കൂൾതല യൂത്ത് പാർലമെന്റ് മത്സരങ്ങൾ, കോളേജ്തല മോഡൽ പാർലമെന്റ് മത്സരങ്ങൾ, ദേശീയ സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശിൽപശാലകൾ, ക്വിസ്-ഉപന്യാസ - പ്രസംഗ മത്സരങ്ങൾ, ഭരണഘടനാദിനാഘോഷം, മികച്ച സ്റ്റുഡന്റ് പാർലമെന്റേറിയന്മാർക്കുള്ള ക്യാമ്പ് തുടങ്ങിയവയും ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച് വരുന്നു. 'സ്റ്റുഡന്റ്സ് സഭ'യും അതുമായി ബന്ധപ്പെട്ട ജനകീയ സർവ്വേകളും, ജേർണലുകളുടെ പ്രസിദ്ധീകരണം, ഇന്റേൺഷിപ്പ് എന്നിവയും ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളാണ്.

(ബി) ഭരണഘടനയും പാർലമെന്ററി ജനാധിപത്യവും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിദ്യാർത്ഥികളിലും സാധാരണ ജനവിഭാഗങ്ങളിലും എത്തിക്കുന്നതിനായി ദേശീയ/അന്തർ ദേശീയ സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശിൽപശാലകൾ, ജേർണൽ പബ്ലിക്കേഷൻ, ഉപന്യാസ-ക്വിസ്സ്-പ്രസംഗ മത്സരങ്ങൾ, 'സ്റ്റുഡന്റ്സ് സഭ'യുടെ ഭാഗമായ ജനകീയ സർവ്വേകൾ എന്നിവയിലൂടെ സാമൂഹിക രാഷ്ട്രീയ അക്കാദമിക വിദഗ്ധരെയും സാധാരണ ജനങ്ങളെയും കൂട്ടിയിണക്കുന്ന കണ്ണിയായി മാറുവാൻ ക്രിയാത്മകമായ പരിശ്രമം പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തി വരുന്നു.

(സി) സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും 2022-23 അദ്ധ്യയന വർഷം മുതൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ കീഴിൽ ആരംഭിച്ച വേദിയാണ് ജനാധിപത്യത്തിനും സാമൂഹികനീതിക്കുമായുള്ള വേദി അഥവാ ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ് (FDSJ). നിലവിൽ സംസ്ഥാനത്തെ 66 കോളേജുകളിലും 208 സ്കൂളുകളിലും എഫ്.ഡി.എസ്.ജെ രൂപീകരിച്ചിട്ടുണ്ട്.

എഫ്.ഡി.എസ്.ജെയുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ (എ) പിരിവിൽ പരാമർശിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ നിയമസഭാ നിയോജകമണ്ഡലങ്ങളിലെ ജനകീയ വിഷയങ്ങളെയും വികസന പ്രക്രിയകളെയും വിദ്യാർത്ഥി സമൂഹവുമായി അടുപ്പിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള 'സ്റ്റുഡന്റ്സ് സഭ' , തദ്ദേശസ്വയംഭരണം, ഉന്നതവിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം വകുപ്പുകളുടെ സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്നത്. സംസ്ഥാനത്ത് ആദ്യമായി ചേലക്കര നിയോജക മണ്ഡലത്തിൽ 400-ൽ അധികം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു-കൊണ്ട് പൈലറ്റ് പ്രോഗ്രാം എന്ന നിലയിൽ 'സ്റ്റുഡന്റ്സ് സഭ' സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) ജനാധിപത്യത്തിന്റെ അടിത്തറയായി വർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് വനിതാ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കുമായി ഏകദിന ശിൽപശാലകൾ സംഘടിപ്പിച്ചിരുന്നു. പാർലമെന്റ് - നിയമസഭാ -

ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾക്കായി പ്രത്യേക പാർലമെന്ററി പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് പരിഗണനയിലാണ്.

ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയപ്രകാരം (ശ്രീ. കെ. യു. ജനീഷ് കുമാർ): സർ, നമ്മുടെ സംസ്ഥാനത്തെ സർവ്വകലാശാലകളിലേയും കോളേജുകളിലേയും ജനാധിപത്യവേദികളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി പ്രതിനിധികൾക്ക് ജനാധിപത്യ പാർലമെന്ററി പ്രവർത്തനങ്ങളെ സംബന്ധിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്ന നിലയിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ സാധിക്കുമോ, അത് സംബന്ധിച്ച് ആലോചനയും പരിഗണനയുമുണ്ടാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തീർച്ചയായും, ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ച ചോദ്യം പ്രസക്തമാണ്. സ്കൂൾ, കോളേജ് തലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് നമ്മുടെ രാജ്യത്തെക്കുറിച്ചും ഭരണഘടനയെക്കുറിച്ചും ജനാധിപത്യ സംവിധാനങ്ങളെക്കുറിച്ചും നമ്മുടെ വികസനത്തെക്കുറിച്ചും നല്ല അവബോധമുണ്ടാക്കുന്നതിനുള്ള പരിശീലന പരിപാടികളാണ് ഇപ്പോൾ പാർലമെന്ററി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്നത്. കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, സ്റ്റുഡന്റ്സ് സഭകൾ ഇതിനോടകംതന്നെ ശ്രദ്ധേയമായ നിലയിലേയ്ക്ക് ഉയർന്നു വരുന്നുണ്ട്, അത് സംസ്ഥാനത്തെ 140 നിയോജകമണ്ഡലാടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ വേണ്ടി മുൻകയ്യെടുക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, തീർച്ചയായും. നമ്മുടെ സംസ്ഥാനത്തെ 140 അസംബ്ലി മണ്ഡലങ്ങളിലും സ്റ്റുഡന്റ്സ് സഭ ചേരുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുന്നതിനുമുള്ള തീരുമാനം എടുത്തിട്ടുണ്ട്. എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കും അതു സംബന്ധിച്ച കത്തെഴുതിയിട്ടുണ്ട്. എം.എൽ.എ.മാർ നേതൃത്വം കൊടുത്താൽ അതാത് മണ്ഡലങ്ങളിൽ സ്റ്റുഡന്റ്സ് സഭ എത്രയും പെട്ടെന്ന് നമുക്ക് രൂപീകരിക്കാൻ കഴിയും.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, യൂത്ത് പാർലമെന്റ്, മോഡൽ പാർലമെന്റ് മത്സരങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് സംസ്ഥാനത്തെ അൺ എയ്ഡഡ് സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്താൻ പദ്ധതിയുണ്ടോ, നിലവിൽ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ മാത്രമാണ് നടക്കുന്നത്, അത് അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ കൂടി

വ്യാപിപ്പിച്ച് അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്കുകൂടി ഉപയോഗപ്രദമാകുന്ന വിധത്തിൽ ഈ പ്രവർത്തനങ്ങളെ രൂപപ്പെടുത്താൻ സർക്കാരിന് പദ്ധതിയുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇപ്പോൾ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. അൺ എയ്ഡഡ് സെക്ടറിലേക്ക് കൂടി മാറ്റുമോയെന്നാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം. ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കുന്ന തുക കൊണ്ട് അത്രമാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. വിപുലീകരിക്കുന്നതിന് കൂടുതൽ തുക ആവശ്യമായി വരും, ആ സന്ദർഭത്തിൽ നമുക്ക് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ജനാധിപത്യം ഭീഷണി നേരിടുന്ന സാഹചര്യത്തിൽ ഭരണഘടനാ സാക്ഷരതയ്ക്ക് വളരെ പ്രാധാന്യമുണ്ട്. യൂത്ത് പാർലമെന്റ് മാതൃകയിലുള്ള ഭരണഘടനാ സാക്ഷരതാ ക്ലാസ്സുകൾ കുടുംബശ്രീ, റെസിഡന്റ്സ് അസോസിയേഷൻ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാനാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, തീർച്ചയായും നമ്മുടെ ഭരണഘടനയും ജനാധിപത്യ സംവിധാനങ്ങളുമെല്ലാം വലിയ വെല്ലുവിളി നേരിടുന്നൊരു ഘട്ടം തന്നെയാണ്. തീർച്ചയായും അതിനെ അതിജീവിക്കാൻ നമ്മുടെ

അവബോധം വർദ്ധിപ്പിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കുടുംബശ്രീ ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളിലേക്കും കൂടുതൽ വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, ഭരണഘടനയും ജനാധിപത്യവുമെല്ലാം തന്നെ വലിയ വെല്ലുവിളികൾ നേരിടുന്ന ഈ സമയത്ത് പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഭരണഘടന, ജനാധിപത്യം, പാർലമെന്ററി പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഒരു ചർച്ച നടന്നിട്ടുണ്ട്, അങ്ങനെ ഒരു ധാരണയുമുണ്ട്. സാമ്പത്തികമായ പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നുണ്ട്. അവ പരിഹരിച്ചു കഴിഞ്ഞാൽ തീർച്ചയായും പാർലമെന്ററി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഭരണഘടനയെക്കുറിച്ചും, ജനാധിപത്യ സംവിധാനത്തെക്കുറിച്ചും, നാടിന്റെ

പുരോഗതിയെക്കുറിച്ചുമൊക്കെ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കാവുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: ജനാധിപത്യം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ട് വോട്ടവകാശത്തിന്റെ പ്രായം 18 വയസ്സായി കുറഞ്ഞിട്ടുള്ള ഭരണഘടനാ ഭേദഗതി നടപ്പിലാക്കിയ രാജ്യമാണ് നമ്മുടേത്. വിദ്യാർത്ഥി വിദ്യാർത്ഥിനികളെ ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാക്കുന്നതിനുള്ള പാർലമെന്ററി പ്രാക്ടീസിന്റെ ഭാഗമായിട്ടാണ് കോളേജ് യൂണിയൻ, യൂണിവേഴ്സിറ്റി യൂണിയൻ, സ്കൂൾ പാർലമെന്റെല്ലാമുള്ളത്. അവിടുത്തെ തെരഞ്ഞെടുപ്പ് പലപ്പോഴും നീതി പൂർവ്വമാകുന്നില്ല, നിഷ്പക്ഷമാകുന്നില്ല. അതുമായി ബന്ധപ്പെട്ട് അക്രമ സംഭവങ്ങൾ ഉണ്ടാകുന്നു. അതിനാൽ തെരഞ്ഞെടുപ്പുകൾ നീതിപൂർവ്വമാക്കാനും അക്രമസംഭവങ്ങൾ ഒഴിവാക്കാനും വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലന നിർദ്ദേശങ്ങൾ ഇതിന്റെ ഭാഗമായി നൽകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തീർച്ചയായും നമ്മുടെ സ്കൂൾ, കോളേജ് തലത്തിലുള്ള കുട്ടികൾക്ക് നീതിപൂർവ്വമായ ജനാധിപത്യ പ്രക്രിയയിൽ പങ്കെടുക്കുന്നതിനുള്ള ശേഷിയാണ് വേണ്ടത്. ദൗർഭാഗ്യവശാൽ ചിലപ്പോൾ

ചില അനിഷ്ട സംഭവങ്ങൾ ഉണ്ടാകാറുണ്ട്. അത് പൂർണ്ണമായും ഒഴിവാക്കാൻ കഴിയേണ്ടതാണ്. അതിനുവേണ്ടിയുള്ള പരിശ്രമം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണം. തീർച്ചയായും കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ചു വരുന്ന ആളുകൾക്ക് പ്രത്യേകമായ പരിശീലനങ്ങൾ, എങ്ങനെ ഒരു കോളേജ് യൂണിയൻ നടത്തിക്കൊണ്ടുപോകണം, അതിന്റെ ജനാധിപത്യ പ്രക്രിയ എങ്ങനെ നമുക്ക് പുരോഗതിയിലേക്ക് നൽകാൻ കഴിയും, അതിനെ സംബന്ധിച്ചൊക്കെത്തന്നെ നമുക്ക് അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

## സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി

4 (*214) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റാർട്ടപ്പ് മിഷനും ഉന്നതിയും സംയുക്തമായി ആരംഭിച്ച സ്റ്റാർട്ടപ്പ് സിറ്റി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഇതിനകം ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം മേഖലകളിലുള്ള സംരംഭകർക്കാണ് സംരംഭകത്വ തൊഴിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് എന്തെല്ലാം സാമ്പത്തിക, സാങ്കേതിക സഹായങ്ങളാണ് സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) സംരംഭകത്വം ഉൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമവും വികസനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾക്കായി ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രാഥമികമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്ന ഒരു സാമൂഹ്യമേഖലാ സംരംഭമാണ് സ്റ്റാർട്ടപ്പ് സിറ്റി. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി

പ്രോത്സാഹിപ്പിക്കുന്നതിനും അവർ താൽപര്യപ്പെടുന്ന സംരംഭകത്വ മേഖലയിൽ ആവശ്യമായ സഹായം നൽകുന്നതിനാണ് ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി. ഇതിനാവശ്യമായ സഹായം നൽകുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷനുമായി കരാർ ഒപ്പുവെച്ചാണ് സ്റ്റാർട്ടപ് സിറ്റി ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) 07-02-2024 വരെ 244 അപേക്ഷകൾ പട്ടികജാതി വിഭാഗത്തിൽ നിന്നും, 64 അപേക്ഷകൾ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(സി) എൻജിനീയറിംഗ്, ഐ.ടി. അധിഷ്ഠിത സാങ്കേതിക വിദ്യകൾ, മറ്റ് ആധുനിക സാങ്കേതിക വിദ്യകൾ, ആരോഗ്യ സംരക്ഷണം, വിനോദസഞ്ചാരം, മാർക്കറ്റിങ്ങ്, കാർഷികം, നിർമ്മാണം തുടങ്ങിയവ ഉൾപ്പെടെ എല്ലാ മേഖലകളിൽ പരിജ്ഞാനവും താല്പര്യവുമുള്ള യുവതീയുവാക്കൾക്കാണ് സംരംഭകത്വ തൊഴിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെട്ട അംഗങ്ങൾക്കോ അവരുടെ കൂട്ടായ്മ/സ്വാശ്രയ സംഘങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

നടത്തുന്നതിനായുള്ള സാമ്പത്തിക സഹായം, വായ്പ, സബ്സിഡി, ഗ്രാന്റ് എന്നിവ നൽകുക, സാങ്കേതിക വിദ്യയിലും നിർമ്മാണ രംഗത്തും സംഭവിച്ചേക്കാവുന്ന പുരോഗതിക്കനുസൃതമായി സംരംഭകർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പരിശീലനവും നൽകുക എന്നിവ സ്റ്റാർട്ടപ്പ് സിറ്റി മുഖേന ലഭ്യമാകുന്നതാണ്.

പദ്ധതി നടപ്പാക്കാനാവശ്യമായ തുകയിൽ 80% തുക പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്നതാണ്. 20% തുക പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനിൽ നിന്നോ ബാങ്കിൽ നിന്നോ വായ്പയായും ലഭ്യമാക്കുന്നതാണ്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നും ലൈസൻസുകൾ, ഗ്രാന്റുകൾ എന്നിവയും, തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്ക് സാമ്പത്തിക സഹായം, വിദഗ്ധോപദേശം, വിപണനത്തിനുള്ള പിന്തുണ, ഓഫീസ് സ്ഥല സൗകര്യം എന്നിവയും നൽകുന്നു.

ശ്രീ. മുരളി പെരുനെല്ലി ചുമതലപ്പെടുത്തിയപ്രകാരം (ശ്രീ. എച്ച്. സലാം): സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ വിദ്യാഭ്യാസ ഉന്നമനത്തിനുമായി സർക്കാർ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സ്റ്റാർട്ടപ്പ് സിറ്റി പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകർക്ക് ഇപ്പോൾ ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ അവർക്ക് മികച്ചരീതിയിലുള്ള പരിശീലനമാണ് ഇപ്പോൾ നൽകികൊണ്ടിരിക്കുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ 244 അപേക്ഷകൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകർക്കും 64 അപേക്ഷകൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർക്കും കിൻഫ്ര പാർക്കിൽവച്ചാണ് ആവശ്യമായ പരിശീലനം നൽകിവരുന്നത്. ഇതിനായി കൂടുതൽ ആളുകൾക്ക് പരിശീലനം സംഘടിപ്പിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. എച്ച്. സലാം</u>: സർ, സംരംഭങ്ങളുടെ വിജയത്തിന് പരിശീലനം വളരെ പ്രധാനമാണ്. നിലവിൽ ഈ അപേക്ഷകർക്കുള്ള പരിശീലന പദ്ധതിയും അവർക്കുള്ള സർക്കാരിന്റെ പിന്തുണാ സംവിധാനവും എന്തെല്ലാമാണെന്നുള്ളത് വിശദീകരിക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, അവർക്ക് സംരംഭം തുടങ്ങാൻവേണ്ടി എല്ലാതരത്തിലുള്ള മാർഗ്ഗനിർദ്ദേശം കൊടുക്കാനുള്ള സംവിധാനവും സ്റ്റാർട്ടപ്പ് മിഷനിലൂടെ നടത്തുന്നുണ്ട്. അതോടൊപ്പം പ്രത്യേകമായിട്ടുള്ള സ്റ്റാർട്ടപ്പ് സിറ്റി സ്ഥാപിച്ചുകൊണ്ട് അവർക്ക് ആവശ്യമായ എല്ലാ പിന്തുണയും നൽകുന്നതിനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. സ്റ്റാർട്ടപ്പ് മിഷനുമായിട്ടുള്ള എഗ്രിമെന്റിന്റെ ഭാഗമായിട്ടാണ് അതിന്റെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൈപുണ്യത്തിനും തൊഴിൽവസരങ്ങൾ സൃഷ്ടിക്കുന്നതിനുംവേണ്ടി ആരംഭിച്ചിട്ടുള്ള സ്റ്റാർട്ടപ്പ് മിഷൻ വഴി സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമം ഏറെ ശ്രദ്ധേയമാണ്. അങ്ങിവിടെ മറുപടി സൂചിപ്പിച്ചപ്പോൾ ഇതിനാവശ്യമായ സാമ്പത്തിക

കാര്യങ്ങളെക്കുറിച്ചും നൽകുന്ന സഹായത്തിനെക്കുറിച്ചും സൂചിപ്പിച്ചിരുന്നു. പലപ്പോഴും സ്റ്റാർട്ടപ്പുകളുടെ പ്രശ്നം അതിനാവശ്യമായ മൂലധന സ്വരൂപണത്തിനുള്ള പ്രശ്നമാണ്. മൂലധനങ്ങൾ കണ്ടെത്താനും വായ്പ ലഭിക്കുമ്പോൾ അതിന്റെ പലിശയുടെ കാര്യത്തിലും എന്തെങ്കിലും സഹായം സർക്കാരിന് പ്രത്യേകമായി ചെയ്യാൻ കഴിയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇക്കാര്യം ഉത്തരത്തിൽ സൂചിപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതിക്കായി 80% തുക പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുകയും 20% തുക സംരംഭകർ തന്നെ കണ്ടെത്തുന്നതിന് ശ്രമിക്കുകയും വേണം. ആ ശ്രമത്തിനുവേണ്ട സഹായം നൽകുന്നതിന് വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്യാനും ഇത്തരം സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ മുന്നോട്ടുവരുന്ന സംരംഭകർക്ക് പ്രത്യേക പരിഗണന നൽകി പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ മുഖാന്തരം സഹായം നൽകാനും തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ സാങ്കേതിക സംരംഭങ്ങൾ ഉൾപ്പെടെയുള്ളവയുടെ അഭാവം ഈ മേഖലയിലെ സാമൂഹിക സാമ്പത്തിക പുരോഗതിക്ക് വിഘാതമായി നിൽക്കുന്നുയെന്നുള്ള

തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് സ്റ്റാർട്ടപ്പ് മിഷൻ, പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ അഡ്രസ്സ് ചെയ്യപ്പെടുന്നതിനുവേണ്ടിയിട്ടുള്ള ഉന്നതി, TRACE (Training for Career Excellence) തുടങ്ങിയ പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കി മുന്നോട്ടുപോകുന്നത്. സാമ്പത്തിക സഹായങ്ങൾ കൊടുക്കാനാവശ്യമായ നടപടികളുണ്ടെന്ന് സൂചിപ്പിക്കുമ്പോഴും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സ്വന്തമായി ഭൂമി ഇല്ലാത്ത പ്രശ്നമുണ്ട്. കൂടാതെ അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള മറ്റ് സംരംഭകത്വത്തിലേയ്ക്ക് കടന്നുവരാനുള്ള പ്രതിബന്ധങ്ങളെല്ലാം നിലനിൽക്കുമ്പോൾത്തന്നെ സർക്കാർ കൊടുക്കുന്ന മറ്റുസഹായങ്ങളോടൊപ്പം ലൈസൻസ്, ഇതിനാവശ്യമായ സ്പെഷ്യൽ ഓർഡറുകൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇക്കാര്യം ഉത്തരത്തിൽത്തന്നെ കൃത്യമായി സൂചിപ്പിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശ സ്ഥാപനങ്ങൾ മറ്റ് ഏജൻസികൾ എന്നിവയിൽനിന്നും ലൈസൻസുകൾ ഗ്രാന്റുകൾ എന്നിവയും തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്ക് സാമ്പത്തിക

സഹായം, വിദഗ്ദ്ധോപദേശം, വിപണനത്തിനുള്ള പിന്തുണ, ഓഫീസ് സ്ഥലസൗകര്യം ഇവയെല്ലാം നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനാണ് സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി ആവിഷ്കരിച്ചത്. മികച്ച നിലയിൽ റെസ്പോൺസുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽത്തന്നെ വ്യക്തമായി. ഇങ്ങനെ സംരംഭം ആരംഭിക്കുന്ന ആളുകൾക്ക് അവരുണ്ടാകുന്ന ഉൽപ്പന്നങ്ങളോ അല്ലെങ്കിൽ അവരുടെ പ്രോജക്ടുകളോ, അത് സർക്കാരിന്റെ വിവിധ പദ്ധതികളുമായി ക്ലബ്ബ് ചെയ്തോ, സർക്കാർ പദ്ധതികളിൽ മുൻഗണന കൊടുത്തോ അവരെ സഹായിക്കാൻ ആവശ്യമായിട്ടുള്ള ഏതെങ്കിലും തരത്തിലുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോയെന്നുള്ളതാണ് ചോദ്യം?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തീർച്ചയായും, വ്യവസായ വകുപ്പ് തന്നെ അക്കാര്യത്തിൽ നല്ല ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയും സംസ്ഥാന ഗവൺമെന്റും ചേർന്നുകൊണ്ട് വിവിധ

മേഖലകളിൽ ഉന്നതനിലവാരത്തിലുള്ള പരിശീലനമാണ് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. അന്തർദേശീയ നിലവാരത്തിലുള്ള സാങ്കേതിക പരിശീലനം നൽകി ഉയർന്ന ശമ്പളത്തോടുകൂടി പ്രസ്തുത വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് ഉയർന്നുവരുവാനുള്ള സൗകര്യം ഒരുക്കികൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ മാസം 21-ാം തീയതി ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ഒരു പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ടിയുള്ള ഇടപെടൽ വ്യവസായ വകുപ്പ് നല്ലതുപോലെ നടത്തികൊണ്ടിരിക്കുകയാണ്. ആ സന്ദർഭത്തിൽ തീർച്ചയായിട്ടും നമ്മുടെ സമൂഹത്തിലെ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെക്കൂടി ഉയർത്തിയെടുക്കാൻ വേണ്ടിയുള്ള മികച്ച ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി ഇത്തരത്തിലുള്ള സ്റ്റാർട്ടപ്പ് പദ്ധതികൾ കൊണ്ടുവന്നത് സ്വാഗതാർഹമാണ്. ഇവർക്ക് ആവശ്യമായ ഈ പദ്ധതിക്ക് തുക അനുവദിക്കുന്നതിന് വകുപ്പിന്റെ ഏത് ഫണ്ടിൽനിന്നാണെന്ന്, അത് കോർപ്പസ് ഫണ്ടാണോ, പ്ലാൻ ഫണ്ടാണോ,

വ്യക്തമാക്കാമോ; അതോടൊപ്പം ഇത്തരം തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പ് സംരംഭകർക്ക് പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പറേഷൻ വഴിയോ മറ്റ് ധനകാര്യ സ്ഥാപനം വഴിയോ 20 ശതമാനം വായ്പ കൊടുക്കുന്നതായി പറയുന്നു. അങ്ങനെ വായ്പ കൊടുക്കുമ്പോൾ ആ വായ്പയുടെ തിരിച്ചടവ് എങ്ങനെയാണ്; ഇത്തരം പ്രൊപ്പോസലുകൾ ആർക്കാണ് സമർപ്പിക്കേണ്ടത്; അത് നേരിട്ട് ടി.ഡി.ഒ. വഴിയാണോ ഡയറക്ടർ വഴിയാണോ അല്ലെങ്കിൽ നേരിട്ട് ഗവൺമെന്റിനാണോയെന്നുള്ളത് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇതിനാവശ്യമായിട്ടുള്ള ഫണ്ടിംഗ് സംവിധാനം ഡിപ്പാർട്ടുമെന്റ് തന്നെയാണ് നടപ്പിലാക്കുന്നത്. അവർക്ക് ആവശ്യമായിട്ടുള്ള ചെലവിന്റെ 80 ശതമാനം തുകയും വകുപ്പാണ് നൽകുന്നത്. 20 ശതമാനം തുക മാത്രമാണ് വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് കണ്ടെത്തേണ്ടത്. ആ 20 ശതമാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ നല്ലൊരു പങ്ക് വഹിക്കണമെന്ന് തീരുമാനിച്ചിരുന്നു. മറ്റ് ധനകാര്യ സ്ഥാപനങ്ങളും സഹകരിക്കുന്നതാണ്. അവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കാനുള്ള സംവിധാനം നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റിന്റെ തുക

സംരംഭകരുടെ പരിശീലനത്തിനും മറ്റ് ആവശ്യത്തിനുമായിട്ടാണ് പ്രധാനമായും ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റിയാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ഇതിനുവേണ്ടിയാണ് കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചത്. കൂടാതെ ഇതിനായി ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റിയും സ്റ്റാർട്ടപ്പ് മിഷനും തമ്മിൽ എഗ്രിമെന്റുമുണ്ട്. അതുപോലെ തൊഴിൽ പരിശീലനം കൊടുക്കുന്ന മറ്റുസ്ഥാപനങ്ങളുമായി ചേർന്നുകൊണ്ടുള്ള പരിശീലന പരിപാടികളും ആരംഭിക്കാൻവേണ്ടി പോവുകയാണ്.

**മത്സ്യസംസ്കരണ മേഖലയെ മികച്ച വരുമാനദായകമാക്കുവാൻ നടപടി**

5 (*215) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ.പി. എസ്. സുപാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസംസ്കരണ മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ ആധുനികവൽക്കരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് സീഫുഡ് ഇന്നവേഷൻ ക്ലസ്റ്റർ പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) മത്സ്യബന്ധന-മത്സ്യസംസ്കരണ മേഖലയെ മികച്ച വരുമാനദായകമേഖലയാക്കി മാറ്റുന്നതിന് ഏകജാലക സംവിധാനത്തിലൂടെ സംഘടിതമായ വിവര വിനിമയവും സംരംഭകത്വ പ്രോത്സാഹനവും നൽകുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) വികസിത വിദേശ രാജ്യങ്ങളിലെ നൂതന സാങ്കേതികവിദ്യയും വൈജ്ഞാനിക ശേഷിയും സംസ്ഥാനത്തെ മത്സ്യസംസ്കരണ മേഖലയിലേയ്ക്ക് ഉപയോഗപ്പെടുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

മത്സ്യബന്ധനം,സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) മത്സ്യസംസ്കരണ മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ ആധുനികവൽക്കരിച്ച് മാത്രമേ കയറ്റുമതി വർദ്ധനവ് സാധ്യമാക്കാൻ കഴിയൂയെന്നുള്ളതിനാൽ ആധുനികവൽക്കരണം വളരെ അനിവാര്യമാണ്.

മത്സ്യ സംസ്കരണ മേഖലയിൽ പ്രത്യേകിച്ചും പീലിംഗ് ഷെഡുകളിൽ ജോലിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സാഹചര്യം, പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് ഒരു സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരുന്നു. തുടർനടപടികളുമായി മുന്നോട്ടുപോകാൻ ആഗ്രഹിക്കുകയാണ്.

(ബി) സംസ്ഥാനത്ത് മത്സ്യമേഖലയുടെ ഉന്നമനത്തിനും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് നേരിട്ടും അല്ലാതെയും ഉപജീവനം നടത്തുന്നവർക്ക് തൊഴിലവസരങ്ങളും മെച്ചപ്പെട്ട വരുമാനവും ഉറപ്പാക്കുന്നതിന് മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലയിലും ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിയും, പുതിയ സംരംഭകർക്ക് പ്രോത്സാഹനം നൽകിയും മത്സ്യബന്ധന മേഖലയിൽ നൂതന വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ട് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

(സി) മത്സ്യബന്ധന-മത്സ്യസംസ്കരണ മേഖലയെ മികച്ച വരുമാനദായക മേഖലയാക്കി മാറ്റുന്നതിന് ഏകജാലക സംവിധാനത്തിലൂടെ

സംഘടിതമായ വിവരവിനിമയവും സംരംഭകത്വ പ്രോത്സാഹനവും നൽകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല. ഇതിനായി മത്സ്യബന്ധന മേഖലയിൽ സാധ്യമായ എല്ലാ വിഭവസ്രോതസ്സുകൾ പ്രയോജനപ്പെടുത്തിയും മേഖലയുടെ വികസനത്തിന് ആവശ്യമായ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും അവ പ്രയോജനപ്പെടുത്തി വാണിജ്യവൽക്കരിക്കുന്നതിനും, മത്സ്യബന്ധന അനുബന്ധ മേഖലകളിൽ സ്റ്റാർട്ടപ്പുകൾ, വ്യവസായ സംരംഭകർ, നിക്ഷേപകർ എന്നിവർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടും മത്സ്യബന്ധന മേഖലയെ മികച്ച വരുമാനദായക മേഖലയും ഒപ്പം തൊഴിൽദായക മേഖലയാക്കിമാറ്റുന്നത് ലക്ഷ്യമിട്ടുകൊണ്ട് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സ്ഥാപിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഗവേഷണ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ, ചെറുകിട സംരംഭകർ, നിക്ഷേപകർ എന്നിവർ തമ്മിലുള്ള സുഗമമായ ആശയവിനിമയം സാധ്യമാക്കിയും മേഖലയിൽ നിലനിൽക്കുന്ന ആവശ്യകതകളെയും വികസന വിടവുകളെയും നികത്തുന്നതിന് ഉതകുന്ന സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും ആയവ വാണിജ്യവൽക്കരിച്ച് സംരഭകത്വ-തൊഴിൽ അന്വേഷകർക്ക് അവസരങ്ങൾ സൃഷ്ടിക്കുന്നതിനും

ഇത്തരം പ്രവർത്തനങ്ങൾ സുഗമമായി സാധ്യമാക്കുന്നതിനുമുള്ള ഒരു ഏകജാലക സംവിധാനമായി ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ പ്രവർത്തിക്കും.

(ഡി) നോർവെ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിലെ മത്സ്യഉൽപ്പാദന സംസ്കരണ മേഖലകളിലെ ആധുനിക സാങ്കേതികവിദ്യകളും അത്യാധുനിക ഉപകരണങ്ങളും സംസ്ഥാനത്തെ മത്സ്യമേഖലയ്ക്ക് ഉപയുക്തമാക്കുന്നതിനുള്ള നടപടികൾ സർക്കാർ ആലോചിച്ചുവരുന്നു. പുതുതായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ വഴി വൈജ്ഞാനിക-സാങ്കേതികവിദ്യകൾ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ 'കേരളീയം' പരിപാടിയുമായി ബന്ധപ്പെട്ട് മത്സ്യബന്ധന വകുപ്പ് മുൻകയ്യെടുത്ത് വിദേശ രാജ്യങ്ങളിലെ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി നടത്തിയ സെമിനാറിൽ നൂതന സാങ്കേതികവിദ്യയും വൈജ്ഞാനിക ശേഷിയും ചർച്ച ചെയ്തിരുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, കൂടുകളിലും വലവളപ്പുകളിലും മത്സ്യം വളർത്തുന്നതിന് നിലവിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ശ്രീ. സജി ചെറിയാൻ:</u> സർ, നിലവിൽ പദ്ധതി ആവിഷ്കരിച്ചുതുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഡ്രീം പ്രോജക്ടാണ് ജനകീയ മത്സ്യകൃഷി. അത് വലിയ തലത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ഇതുൾപ്പെടുത്തി 500 യൂണിറ്റ് ശുദ്ധജല മത്സ്യങ്ങളുടെ കൂട് കൃഷി, 1300 യൂണിറ്റ് കരിമീൻകൂട് കൃഷി, 300 യൂണിറ്റ് ഓര്ജലമത്സ്യ കൂട് കൃഷി എന്നിവയ്ക്കായി 1151.93 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ജില്ലകളിൽ പദ്ധതി പ്രവർത്തനം നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതിനുപുറമെ വയനാട് ജില്ലയിൽ ബാണാസുര, കാരാപ്പുഴ പത്തനംതിട്ട ജില്ലയിലെ കക്കി കോഴിക്കോട് ജില്ലയിലെ പെരിവണ്ണാമൂഴി എന്നീ ജലസംഭരണികളിൽ കൂട് മത്സ്യകൃഷി വിജകരമായി നടപ്പാക്കുന്നു. ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി തോടുകൾ, കനാലുകൾ, കൈവഴികൾ, അരുവികൾ തുടങ്ങിയ പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി ഉപയോഗപ്പെടുത്തി മത്സ്യോല്പാദനം വർദ്ധിപ്പിച്ച് മത്സ്യ കർഷകർക്കും തൊഴിലാളികൾക്കും സുസ്ഥിര വരുമാനം ഉറപ്പാക്കുന്ന ലക്ഷ്യത്തോടെ Embankment പദ്ധതിയുടെ ഉദ്ഘാടനം അടുത്തിടെ എറണാകുളം ജില്ലയിൽ നടത്തിയിരുന്നു. കേരളത്തിൽ എല്ലായിടത്തും പ്രസ്തുത Embankment പദ്ധതി

ഇപ്പോൾ ആവിഷ്കരിക്കുകയാണ്. പൊതുജലാശയങ്ങളിൽ വലവളപ്പുകൾ നിർമ്മിച്ചും പരിസ്ഥിതി സൗഹാർദ്ദ രീതിയിൽ താൽക്കാലിക ചിറകൾ, തടകൾ കെട്ടി തദ്ദേശീയ മത്സ്യ വിത്തുകൾ നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ വളർത്തിയെടുക്കുന്ന പദ്ധതിയാണിത്. ഇത് വലിയ വിജയകരമായി മുന്നോട്ടുപോകുന്നു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും കൂടിചേർന്നിട്ടുള്ള മീറ്റിംഗ് അടുത്ത ദിവസം ചേരാനായി തീരുമാനിച്ചിട്ടുണ്ട്. വെള്ളക്കെട്ടായിട്ടുള്ള സ്ഥലങ്ങളില്ലൊം മത്സ്യകൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ കൂടുതൽ വേഗത്തിൽ മുന്നോട്ടുകൊണ്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഏതെല്ലാം ഇനം മത്സ്യങ്ങളാണ് കൂട്മത്സ്യകൃഷിക്ക് കൂടുതൽ അനുയോജ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ജലാശയങ്ങളിലെ കൂട്ടുകൃഷിയിൽ തിലോപ്പിയ, കരിമീൻ എന്നീ മത്സ്യ ഇനങ്ങളും ഓര്ജലാശങ്ങളിൽ നടക്കുന്ന കൂട്ടുകൃഷിയിൽ  കാളാഞ്ചി, പൊമ്പാനോ, കരിമീൻ, മോദ, തിരുത, ചെമ്പല്ലി തുടങ്ങിയ മത്സ്യ ഇനങ്ങളുമാണ് അനുയോജ്യമായിട്ടുള്ളത്, ഇവയാണ് പ്രധാനമായും കൃഷിചെയ്യുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഫിഷറീസ് വകുപ്പ് കാതലായ നല്ലമാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സമയമാണിത്. മത്സ്യവില്പന നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് സൗജന്യയാത്ര ഒരുക്കുന്നതിന് നടപ്പാക്കിയ 'സമുദ്ര' പദ്ധതിയുടെയും തീരദേശ നിവാസികൾക്ക് ഏറെ ആശ്വാസം പകരുന്ന 'പുനർഗേഹം' പദ്ധതിയുടെയും ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം കൊണ്ടുവന്ന ഏറ്റവും അഭിമാനകരമായ പദ്ധതിയാണ് തീരദേശത്തിനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്രചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് ആവശ്യമായ യാത്രാസൗകര്യം ഒരുക്കിയ പദ്ധതി. അവർ യാത്രകൾക്ക് ആശ്രയിച്ചിരുന്നത് ആട്ടോറിക്ഷകളെയാണ്. രാത്രിയും പകലും പല സ്ഥലങ്ങളിൽനിന്നും യാത്രചെയ്യുന്ന ഇവർക്ക് അമിതമായ സാമ്പത്തിക ചെലവാണ് ഉണ്ടായിരുന്നത്. പലപ്പോഴും രാത്രികാലങ്ങളിൽ തിരികെ പോകുന്നതിന് വാഹനങ്ങൾ ലഭ്യമാകാത്ത സ്ഥിതിയും അതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഗണിച്ച് കെ.എസ്.ആർ.ടി.സി.യുമായി ചേർന്നുകൊണ്ട് മത്സ്യബന്ധന വകുപ്പ് സംസ്ഥാനത്ത് ആദ്യമായി

തിരുവനന്തപുരം ജില്ലയിൽ 'സമുദ്ര' എന്ന പേരിൽ മാതൃകാ സൗജന്യ ബസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ ദൂരത്തേയ്ക്കുപോലും സമാന്തരയാത്രയ്ക്ക് മുച്ചക്രവാഹനങ്ങളെ ആശ്രയിക്കുമ്പോൾ ഒരു ദിവസം 1000 രൂപ വരെ വനിതാ മത്സ്യത്തൊഴിലാളികൾക്ക് ചെലവാകുമായിരുന്നത് ഒഴിവാക്കാൻ സാധിച്ചു. കഴിഞ്ഞ വർഷം മുതൽ മൂന്ന് ബസുകൾ പൂർണ്ണമായും സൗജന്യമായി ഓടിത്തുടങ്ങി. അത് വളരെ വിജയകരമാണ്, മറ്റ് സ്ഥലങ്ങളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുകയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, മത്സ്യബന്ധന മേഖല കൂടുതൽ അപകട സാധ്യതകളുള്ള മേഖലയായതിനാൽ ഇൻഷ്വറൻസ് വളരെ പ്രധാനപ്പെട്ടതാണ്. ഇതുസംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് ചില ആശങ്കകളുണ്ട്. മത്സ്യത്തൊഴിലാളികൾ നേരിട്ടാണോ, അതോ ഫിഷറീസ് വകുപ്പ് മുഖേനയാണോ ഇൻഷ്വറൻസ് പോളിസികൾ എടുക്കേണ്ടതെന്ന കാര്യത്തിൽ വ്യക്തതവരുത്തി വിശദീകരണം നൽകാൻ കഴിയുമോ?

ശ്രീ. സജി ചെറിയാൻ: സർ, നേരത്തേയുള്ള ചോദ്യത്തിന്റെ മറുപടിയിൽ ഞാൻ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്. 20 ലക്ഷം രൂപയുടെ

ഇൻഷ്വറൻസ് പോളിസിയാണുള്ളത്. മത്സ്യഫെഡ് മുഖേന ഒരു ചെറിയ തുക ഗുണഭോക്തൃവിഹിതമായി നൽകുന്നുണ്ട്. ബാക്കി തുക മുഴുവൻ സംസ്ഥാന ഗവൺമെന്റാണ് നൽകുന്നത്. മത്സ്യത്തൊഴിലാളികളെ സഹായിക്കാനായി 222 മത്സ്യഗ്രാമങ്ങളിലും 'സാഗര മിത്ര'കളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. നല്ലതരത്തിലുള്ള ബോധവത്കരണത്തിലൂടെ മുഴുവൻ മത്സ്യത്തൊഴിലാളികളെയും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരാനുള്ള ശക്തമായ ഇടപെടലുകളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, സമുദ്രത്തിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഇപ്പോൾ നിശ്ചിത കാലഘട്ടത്തിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അതുകൂടാതെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം രീതികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ വർഷം മത്സ്യസമ്പത്തിന്റെ കാര്യത്തിൽ കേരളം വലിയ നേട്ടമുണ്ടാക്കിയിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മത്സ്യസമ്പത്ത് വർദ്ധിപ്പിച്ച സ്റ്റേറ്റുകളിൽ രണ്ടാം സ്ഥാനം കേരളത്തിനാണെന്നത് വളരെ അഭിമാനത്തോടെ പറയാൻ ഞാൻ

ആഗ്രഹിക്കുകയാണ്. ഇതിന്റെ തുടർച്ചയായി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന ധാരാളം പ്രവർത്തനങ്ങൾ തുടരുന്നുണ്ട്. സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാന പദ്ധതി വിഹിതമുപയോഗിച്ച് കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ തിരുവനന്തപുരം ജില്ലയിലെ തീരകടലിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. 2011-12 സാമ്പത്തിക വർഷം മുതൽ 2021-22-വരെ ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിൽ 4190 കൃത്രിമ പാരുകൾ നിക്ഷേപിച്ചുകഴിഞ്ഞു. തിരുവനന്തപുരം ജില്ലയിൽ 42 മത്സ്യഗ്രാമങ്ങളിൽ 6300 കൃത്രിമ പാരുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നത്. ഇവയുടെ നിർമ്മാണം പൂർത്തികരിക്കുകയും 2700 കൃത്രിമ പാരുകൾ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ നിക്ഷേപിക്കുകയും ചെയ്തു, ബാക്കിയുള്ളവ നിക്ഷേപിച്ചുവരുന്നു. 7.81 കോടി രൂപയുടെ കേന്ദ്രവിഹിതവും 5.208 കോടി രൂപയുടെ സംസ്ഥാന വിഹിതവും ചേർത്ത് 13.02 കോടി രൂപ തനതുവർഷം ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ഏറ്റവും കൂടുതൽ മത്സ്യബന്ധനം നടക്കുന്ന ശക്തികുളങ്ങര, നീണ്ടകര ഹാർബറുകളുടെ ചുറ്റുവട്ടത്തായി ധാരാളം പീലിംഗ് ഷെഡ്ഡുകൾ പ്രവർത്തിക്കുന്നതിനാൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ആവശ്യകത വളരെ കൂടുതലാണ്. മാത്രമല്ല പീലിംഗ് ഷെഡുകളിൽ ജോലി ചെയ്യുന്ന പ്രായംചെന്ന സ്ത്രീകൾ ജോലിചെയ്യുന്നത് നിലത്തിരുന്നുകൊണ്ടായതിനാൽ Vaginal Prolapse അടക്കമുള്ള രോഗങ്ങൾ വരുന്നതിനുള്ള സാധ്യത വളരെയേറെയാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ പുതുതലമുറയിൽപ്പെട്ടവർ വരാൻ തയ്യാറാകുന്നുമില്ല. പ്രസ്തുത വിഷയങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കേരളത്തിലെ എല്ലാ ഹാർബറുകളും നവീകരിക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. കുറേയേറെ ഹാർബറുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഈയിനത്തിൽ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നീണ്ടകര, ശക്തികുളങ്ങര ഹാർബറുകൾ വളരെ പ്രധാനപ്പെട്ട ഹാർബറുകളാണ്. ഇവിടെ ഉന്നയിക്കപ്പെട്ട കാര്യം വളരെ പ്രധാനപ്പെട്ടതും നടത്തേണ്ടതുമായ കാര്യമാണ്, തീർച്ചയായും സാമ്പത്തിക പ്രതിസന്ധിയും

ബുദ്ധിമുട്ടുകളും നിലനിൽക്കുന്നതിനാൽ ചില പ്രയാസങ്ങൾ നേരിടുന്നുണ്ടെങ്കിലും പ്രസ്തുത കാര്യങ്ങൾക്ക് പ്രഥമ പരിഗണന നൽകുമെന്ന് അറിയിക്കുകയാണ്.

## കുടിവെള്ള ഗുണനിലവാര പരിശോധനാ ലാബുകൾ

6 (*216) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള ഗുണനിലവാര പരിശോധനാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ കുടിവെള്ള ഗുണനിലവാര പരിശോധനയ്ക്കായി നടന്നുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന

ഗുണനിലവാര ലാബുകളുടെ എണ്ണമെത്ര; ഇതിനകം എത്രയെണ്ണം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്; പ്രസ്തുത സംവിധാനം മുഖേന പരിശോധിക്കാൻ കഴിഞ്ഞ സാമ്പിളുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ലാബുകളിലെ പരിശോധനാ ഫലങ്ങൾ കൃത്യതയുള്ളതാണെന്ന് ഉറപ്പു വരുത്തുന്നതിന് നിലവിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, (എ) ജൽ ജീവൻ പദ്ധതിയുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും എത്തിക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എസ്.ആർ.ഐ സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 71 ഉപജില്ലാ ലാബുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. 2020-21, 2021-22 കാലയളവിലെ ജെ.ജെ.എം.(Jal Jeevan Mission) പദ്ധതി പ്രകാരം നിലവിലുണ്ടായിരുന്ന 14 ജില്ലാ ലാബുകളെയും 32 ഉപജില്ലാ ലാബുകളെയും കൂടാതെ അധികമായി സ്ഥാപിച്ച 39 ഉപജില്ലാ ലാബുകളെയും നവീകരിച്ചിട്ടുണ്ട്. ഇവയിൽ നൂൽപ്പുഴ,

കാരഡ്ക്ക എന്നീ രണ്ട് ഉപജില്ലാ ലാബുകൾ ഒഴികെ മറ്റെല്ലാ ലാബുകൾക്കും 2021-22 കാലയളവിൽ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളതാണ്. 2023-ൽ പമ്പയിൽ പുതിയതായി പൂർത്തിയാക്കിയ ഉപജില്ലാ ലാബിന് NABL recognition ലഭിച്ചിട്ടുണ്ട്. ഈ ലാബുകളുടെ പ്രവർത്തനത്തിനാവശ്യമായ ഉയർന്ന ഗുണനിലവാരത്തിലുള്ള ലാബ് ഉപകരണങ്ങൾ, കെമിക്കലുകൾ, ഗ്ലാസ് വെയറുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കെമിസ്റ്റുമാർ അടക്കമുള്ള ജീവനക്കാരെ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനുവേണ്ടി നിയമിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലകളിൽനിന്നും എല്ലാ മാസവും ഇരുന്നൂറ്റി അമ്പതോളം ജല സാമ്പിളുകൾ ശേഖരിച്ച് ഉപജില്ലാ ലാബുകളിൽ പരിശോധിച്ച് വരുന്നുണ്ട്. ഇതിൽനിന്നും തെരഞ്ഞെടുക്കുന്ന സാമ്പിളുകൾ ജില്ലാ ലാബുകളിൽ പരിശോധിക്കുകയും കൂടുതൽ പരിശോധന ആവശ്യമുള്ള സാമ്പിളുകൾ നെട്ടൂരിൽ സ്ഥിതി ചെയ്യുന്ന എസ്.ആർ.ഐ (State Referral Institute for water Quality- Nettoor ) സ്റ്റേറ്റ് ലാബിൽ പരിശോധിച്ച് ഗുണ നിലവാരം ഉറപ്പുവരുത്തുന്നുണ്ട്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലേയും ഒരു ഹയർ സെക്കണ്ടറി സ്കൂളിൽ വീതം പ്രാദേശിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഹയർ സെക്കണ്ടറി സ്കൂളുകളിലെ രസതന്ത്രം ലാബുകളോടനുബന്ധമായിട്ടാണ് ഈ ലാബുകൾ സ്ഥാപിക്കുന്നത്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം മിഷൻ യോഗതീരുമാനപ്രകാരമാണ് ഈ ലാബ് സ്ഥാപിക്കുന്ന പ്രവർത്തനം നടക്കുന്നത്. എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് വിഹിതം, തദ്ദേശസ്വയംഭരണ സ്ഥാപന പദ്ധതി വിഹിതം എന്നിവ വിനിയോഗിച്ചാണ് ഈ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 2017 മുതൽ നാളിതുവരെ സംസ്ഥാനത്താകെ ഇത്തരത്തിൽ 191 ലാബുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇതുകൂടാതെ ആർ.കെ.ഐ.(Rebuild Kerala Initiative) ഫണ്ട് വിനിയോഗിച്ച് കൊണ്ട് പമ്പ, പെരിയാർ നദികളുടെ നദീതട പ്രദേശത്തെ അഞ്ച് ജില്ലകളിൽ 313 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിക്കുകയും അവയിൽ 16 ലാബുകൾ പ്രവർത്തന സജ്ജമാകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്താകെ ഇത്തരത്തിൽ 207 ലാബുകൾ പ്രവർത്തന സജ്ജമാണ്. കൂടാതെ 321 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം വിവിധ

ജില്ലകളിൽ പുരോഗമിക്കുന്നു. ഭൂജലവകുപ്പിന്റെകീഴിൽ വരുന്ന മൂന്നു ലാബുകളും NABL accredited lab-കൾ ആക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ സജ്ജീകരിച്ചിട്ടുള്ള ജലഗുണനിലവാര ലാബുകളിലെ പരിശോധന സംബന്ധിച്ച് സംസ്ഥാന-ജില്ലാടിസ്ഥാനത്തിൽ സ്ഥിരമായി വിലയിരുത്തപ്പെടുന്നു. നവകേരളം കർമ്മപദ്ധതിയിലെ റിസോഴ്സ് പേഴ്സൺമാർ ലാബുകൾ കൃത്യമായ ഇടവേളകളിൽ സന്ദർശിക്കുകയും ആവശ്യമായ പിന്തുണ നൽകുകയും പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നുമുണ്ട്. നവകേരളം കർമപദ്ധതിയുടെ ഭാഗമായ വിദ്യാകിരണം ഉപമിഷൻ മുഖേന, വിദ്യാഭ്യാസ വകുപ്പുമായി ചേർന്നും ലാബിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നുണ്ട്.

(സി) 2017 മുതൽ നാളിതുവരെ സംസ്ഥാനത്താകെ ഇത്തരത്തിൽ 191 ലാബുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇതുകൂടാതെ ആർ.കെ.ഐ. ഫണ്ട് വിനിയോഗിച്ച് കൊണ്ട് പമ്പ, പെരിയാർ നദികളുടെ നദീതട പ്രദേശത്തെ അഞ്ച് ജില്ലകളിൽ 313 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം

ആരംഭിക്കുകയും അവയിൽ 16 ലാബുകൾ പ്രവർത്തന സജ്ജമാകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്താകെ ഇത്തരത്തിൽ 207 ലാബുകൾ പ്രവർത്തന സജ്ജമാണ്. കൂടാതെ 321 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിലുള്ള ലാബുകൾ സംബന്ധിച്ച വിവരങ്ങളും നടത്തിയ പരിശോധനകളുടെ എണ്ണവും അനുബന്ധമായിചേർക്കുന്നു.+

(ഡി) പരിശോധനയുടെ ഗുണനിലവാരവും കൃത്യതയും ഉറപ്പാക്കുന്നതിനാവശ്യമായ എല്ലാ ശ്രദ്ധയും ആദ്യം മുതൽതന്നെ ഇതിനായി സ്വീകരിച്ചിരുന്നു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബ്, ആരോഗ്യ വകുപ്പ്, ജല അതോറിറ്റി, ഭൂജലവകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നിവയിൽ നിന്നുള്ള ഈ മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് നിരവധി യോഗങ്ങളും വർക്ക്ഷോപ്പുകളും നടത്തിയാണ് എന്തൊക്കെ പരിശോധനകൾ ഈ ലാബുകളിൽ നടത്താം എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ അന്തിമമായി തീരുമാനിച്ചത്. എല്ലാ പരിശോധനകളും ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BSI) മാർഗ്ഗ നിർദ്ദേശപ്രകാരമാണ്

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തുന്നത്. പരിശോധനകൾ സംബന്ധിച്ച് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നതിനായി വിശദമായ ഒരു ട്യൂട്ടോറിയൽ വീഡിയോ ഹരിത കേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. കൂടാതെ ലാബിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന ഒരു കൈപ്പുസ്തകവും ബ്രോഷറും ഇതോടനുബന്ധിച്ച് തയ്യാറാക്കി നൽകുകയുംചെയ്തിട്ടുണ്ട്. പരിശോധനകൾ പൂർണ്ണമായും നിർവഹിക്കുന്നത് ഇതിനായി തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തിയാണ്. പരിശോധനാ ഫലം നൽകുന്നതോടൊപ്പം ജലശുദ്ധി ഉറപ്പാക്കുന്നതിനാവശ്യമായ തുടർ നടപടികൾക്കുള്ള നിർദ്ദേശവും നൽകുന്നുണ്ട്. കൂടാതെ പരിശോധനാ ഫലം ബന്ധപ്പെട്ട ഡി.എം.ഒ., തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ എന്നിവർക്ക് നൽകുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. നിലവിൽ ലാബുകൾ സ്ഥാപിച്ച മുഴുവൻ സ്കൂളുകളിലെയും ചുമതലയുള്ള രസതന്ത്രം ടീച്ചറിനും 5 വിദ്യാർത്ഥികൾക്കും ലാബുകളിൽ വച്ച് നേരിട്ട് പരിശീലനം നൽകിയിട്ടുണ്ട്. ഇതുകൂടാതെ സമയാസമയങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി ഓൺലൈൻ സഹായം നിലവിൽ നൽകുന്നതോടൊപ്പം ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ നേരിട്ട്

പോയി ആവശ്യമായ പിന്തുണയും നൽകുന്നുണ്ട്. ഇതുകൂടാതെ കൂടുതൽ പരിശോധനകൾ ആവശ്യമുണ്ടെന്ന് കാണുന്ന സാമ്പിളുകൾ ജില്ലാ ആസ്ഥാനങ്ങളിലെ കൂടുതൽ സൗകര്യങ്ങളുള്ള ലാബുകളിലേയ്ക്ക് റഫർ ചെയ്യുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ജൽജീവൻ പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലം ലഭിക്കുന്നതിനുള്ള അവസരമാകുകയാണ്. തുടക്കത്തിൽ വളരെ വേഗതയോടെ പദ്ധതി പൂർത്തീകരണത്തിനുവേണ്ടിയുള്ള ശ്രമം നടന്നിട്ടുണ്ടെങ്കിലും ഇപ്പോൾ പല സ്ഥലങ്ങളിലും പ്രവർത്തനം സ്തംഭിച്ചുനിൽക്കുകയാണ്. പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതിനുള്ള കുഴിയെടുത്ത ഭാഗങ്ങളുടെ പുനഃസ്ഥാപനംപോലും പലയിടങ്ങളിലും സാധിക്കുന്നില്ല. സംസ്ഥാനത്തെ പല സ്ഥലങ്ങളിലും നേരിടുന്ന ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സർക്കാർതലത്തിൽ ആലോചിച്ച് പ്രാവർത്തികമാക്കുന്നുണ്ടോ; എല്ലാ വീടുകളിലും പ്രസ്തുത പദ്ധതിപ്രകാരം വെള്ളമെത്തിയാൽ പരിശോധനയ്ക്കായി ലാബ് സൗകര്യം

വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി അസംബ്ലി മണ്ഡലാടിസ്ഥാനത്തിൽ ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, എല്ലാ പ്രദേശത്തും ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇപ്പോഴാണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതിപ്രവർത്തനം പ്രവൃത്തിപഥത്തിലേയ്ക്ക് എത്തപ്പെട്ടത്. ഓരോ പഞ്ചായത്തിലും കിലോമീറ്ററുകളോളം ദൂരം റോഡുകൾ പദ്ധതിയുടെ ഭാഗമായി മുറിക്കേണ്ടതുണ്ട്. റോഡ് പുനഃസ്ഥാപനത്തിനുള്ള ഫണ്ട് വകുപ്പ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രാദേശികമായി ചില പ്രശ്നങ്ങൾ നിലനിൽക്കുന്ന സ്ഥലങ്ങളിൽ പ്രാദേശികമായ ഇടപെടലുകളും ആവശ്യമാണ്. അതോടൊപ്പംതന്നെ റോഡ് മുറിക്കുന്ന സ്ഥലങ്ങളിൽ പൈപ്പ് നിക്ഷേപിച്ച് അവിടെ Pressure thrust ചെയ്യേണ്ടതായിട്ടുമുണ്ട്. പ്രസ്തുത വിഷയത്തിൽ കരാറുകാരന് നൽകിയിരിക്കുന്ന കാലയളവ് ഒരു ഘടകമായി അവശേഷിക്കുന്നുണ്ടെങ്കിലും വളരെ പെട്ടെന്നുതന്നെ അക്കാര്യം നടപ്പിലാക്കുന്നതിനും Pressure thrust നടത്തിക്കൊണ്ട് റോഡ് പുനഃസ്ഥാപിക്കുന്നതിനുള്ള കർശനമായ നിർദ്ദേശം നൽകുകയും ജില്ലാതലത്തിൽ അക്കാര്യം നിരീക്ഷണവിധേയമാക്കുകയും ചെയ്യുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെയോ NHAI-യുടെയോ, വിവിധ വകുപ്പുകളുടെയോ തടസ്സങ്ങളോ തർക്കങ്ങളോ കാരണം പ്രവൃത്തി അവശേഷിക്കുന്നതാണെങ്കിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി പ്രത്യേകിച്ച് യോഗങ്ങൾ നടത്തുന്നതാണ്. ബഹു. മുഖ്യമന്ത്രിതന്നെ മുൻകൈയെടുത്ത് ഇതുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിച്ചുചേർത്തിരുന്നു, വീണ്ടും ഒരിക്കൽക്കൂടി യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച തരത്തിലുള്ള ഏകോപനം സാധ്യമാക്കിക്കൊണ്ട് സമയബന്ധിതമായി കാര്യങ്ങൾ പരിഹരിച്ചുപോകുന്നതിനാണ് ശ്രദ്ധനൽകുന്നത്. പദ്ധതി വ്യാപകമാകുമ്പോൾ, കെമിസ്ട്രി ലാബ് സൗകര്യമുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ എം.എൽ.എ. ഫണ്ടോ, സമാനമായ മറ്റേതെങ്കിലും ഫണ്ടുകളോ ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രസ്തുത ലാബുകളിലെ സൗകര്യം കുറേക്കൂടി മെച്ചപ്പെടുത്തിയാൽ കൂടുതൽ ആളുകൾക്ക് പദ്ധതി ആനുകൂല്യം പ്രയോജനപ്പെടുത്തി ജലഗുണനിലവാര പരിശോധന നടത്താൻ സാധിക്കും. അതിനാവശ്യമായ നടപടികൾ തുടരുകയാണ്. എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുകൊണ്ടുതന്നെ പല മണ്ഡലങ്ങളിലും ഇത്തരം കാര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)